
JESUS REDEEMS MINISTRIES
യുവജനലോകം
സെപ്റ്റംബർ 2023
ധൈര്യപ്പെടുക!
നിന്റെ ആത്മീക ജീവിതം വീണ്ടും മനോഹരമാകും!



# മുഖവുര

***പ്രിയപ്പെട്ട യുവഹൃദയങ്ങൾക്ക് സ്നേഹവന്ദനങ്ങൾ!***

1945 - ാം വർഷം നടന്ന ലോക മഹാ യുദ്ധത്തിൽ തനിക്കുള്ള സകലതും നഷ്ടപ്പെട്ട് തകർന്നടിഞ്ഞുപോയ രാജ്യമാണ് ജപ്പാൻ. എന്നാൽ 60 ആണ്ടുകൾ കഠിനപ്രയത്നം ചെയ്ത് എല്ലാ മേഖലകളിലും എഴുന്നേൽപ്പ് പ്രാപിച്ച്, ഉറപ്പോടെ പടിപടിയായി തന്റെ സാമ്പത്തിക നില ഉയർത്തി, കണ്ടുപിടിത്തങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച്, മികച്ച നേട്ടങ്ങൾ കൊയ്ത് ശ്രേഷ്ഠമേറിയ രാജ്യമായി തിളങ്ങുകയാണ് ജപ്പാൻ. ടോക്കിയോയാണ് ലോകത്തിലെ ഏറ്റവും ചെലവേറിയ നഗരം. ജപ്പാനിലെ ജനത്തിന്റെ സാമ്പത്തിക നില രണ്ട് മടങ്ങ് വർദ്ധിപ്പിച്ചാൽ വാണിജ്യം വർദ്ധിപ്പിക്കാം എന്ന ചിന്തയിൽ കഠിനമായി പരിശ്രമിച്ച് പത്തുവർഷങ്ങൾ കൊണ്ട്, ജപ്പാൻ ജനതയുടെ സാമ്പത്തിക നില രണ്ട് മടങ്ങ് ഉയർത്തുവാൻ വഴിയൊരുക്കി.
വിദ്യാഭ്യാസം, സൈന്യം, സാമ്പത്തികം തുടങ്ങിയ എല്ലാ മേഖലകളിലും മികച്ച നിലയിൽ ജപ്പാൻ പ്രവർത്തിച്ചു. ഇന്ന് ഒരു സൂപ്പർ പവർ രാജ്യമായി തിളങ്ങുന്നു. മുഴു രാജ്യവും നശിച്ചപ്പോഴും, ദൃഢനിശ്ചയത്തോടെ എഴുന്നേറ്റ് പണിയുവാൻ ആരംഭിച്ചു. ഇന്ന് അതൊരു മഹാശക്തിയേറിയ രാജ്യമായി തിളങ്ങുന്നു.
ഇതുപോലെ നമ്മുടെ ആത്മീയ ജീവിതത്തിലും ഒരു വീഴ്ച, ഒരു തകർച്ച, ഇടർച്ച, ഒരു ചരിവ് ഉണ്ടായിട്ട് ആകെ തകർന്നിരിക്കുന്നുണ്ടാകാം. എന്നാൽ നീ എഴുന്നേൽക്കുക, നീ ഉറപ്പുള്ളവൻ ആയിരിക്കുക, നിന്നെ ക്രമപ്പെടുത്തി, ബലപ്പെടുത്തി, നിലനിർത്തി ഉറപ്പിക്കുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു.
ശത്രു നമ്മുടെ മേലുള്ള അഭിഷേകം അറിഞ്ഞുകൊണ്ടാണ് നമ്മെ ആക്രമിച്ചുകൊണ്ടിരിക്കുന്നത്. നാം ഗോപുരം പോലെ മുകളിലേക്ക് ഉയർന്നേക്കുമെന്ന് ചിന്തിച്ച് മുന്നേറുമ്പോൾ ശത്രു നമ്മെ ചരിഞ്ഞു വീഴുവാൻ ഇടയാക്കുന്നു.

## എന്നാൽ വീണുപോയ നീ ദൃഢനിശ്ചയം ഉള്ളവനാകുക!



**കാരണം, നീ വീണ്ടും എഴുന്നേൽക്കും!**
**നീ ദൈവത്തിനായി ശക്തിയേറിയ കാര്യങ്ങൾ ചെയ്യും!**
**അന്ന് സെരുബ്ബാബേലിനെ ബലപ്പെടുത്തി ഉറപ്പുള്ളവനാക്കി മാറ്റിയ ദൈവം ഇന്ന് നിന്നെ നോക്കി ഉറപ്പുള്ളവൻ ആയിരിക്ക! കർത്താവിന്റെ വേല ചെയ്യുക! എന്നിങ്ങനെ അരുളിച്ചെയ്യുന്നു.**
**നിന്റെ ദൈവത്തിനായി നീ മുമ്പ് ചെയ്ത ശുശ്രൂഷയെക്കാൾ ശക്തമേറിയ നിലയിൽ ഇനി ചെയ്യാൻ പോകുന്ന ശുശ്രൂഷ മഹത്വമുള്ളതായിരിക്കും, യൗവനക്കാരാ എഴുന്നേൽക്കുക, ദൈവത്തിന്റെ വേല പുതിയ ബലത്തോടെ ചെയ്യുക! കർത്താവ് നിന്നെ ഉറപ്പിച്ചിരിക്കുന്നു!**

*ക്രിസ്തുവിന്റെ വേലയിൽ*
**അവിനാഷ്**



# ഗോശെൻ ദേശം



**പ്രിയപ്പെട്ട യൗവനക്കാരെ! ബൈബിൾ ദേശങ്ങൾ എന്ന തലകെട്ടിൽ ഓരോ മാസവും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചില ദേശങ്ങളെയും, അതിന്റെ പ്രത്യേകതകൾ നിറഞ്ഞ പട്ടണങ്ങളെയും കുറിച്ച് രസകരമായ വിവരങ്ങൾ വായിച്ച് അറിഞ്ഞിരിക്കുമല്ലോ! തുടർന്ന് ഈ മാസം നാം നോക്കുവാൻ പോകുന്ന ദേശത്തിന്റെ പേരാണ് "ഗോശെൻ ".**

## ആമുഖം:

- ഈജിപ്തിലെ രാഷ് ട്രങ്ങളിൽ ഒന്നായിരുന്നു ഗോശെൻ.
- വാഗ്ദത്ത കനാൻ ദേശത്ത് പ്രവേശിക്കുന്നതിന് മുമ്പ് ഇസ്രായേല്യർ ഗോശെൻ ദേശത്ത് താമസിച്ചിരുന്നതായി നമുക്കറിയാം.
- യോസേഫാണ് ആദ്യമായി ഈ ഭൂമി ഇസ്രായേല്യർക്ക് നൽകിയത്. അതെ ഈജിപ്തിൽ ഫറവോനായി ഉയർത്തപ്പെട്ട യോസേഫിന്റെ കൃപയാൽ, ക്ഷാമകാലത്ത് ഭക്ഷണത്തിനായി യാചിക്കാൻ വന്ന അവന്റെ അപ്പനും സഹോദരങ്ങൾക്കും ലഭിച്ച ഭൂമിയാണ് ഗോശെൻ.
- മോശെയുടെ കാലത്ത് ഗോശെനിൽ താമസിച്ചിരുന്ന ഇസ്രായേല്യർക്ക് ഈ ദേശം ഒരു വിശുദ്ധ സ്ഥലമായിരുന്നു. കാരണം അവരെ അടിമകളാക്കിയ ഈജിപ്ത് രാജ്യത്തെ ദൈവം ന്യായം വിധിച്ചു.

## പ്രത്യേകതകൾ :

- ഗോശെൻ ദേശം "ഭൂമിയിലെ ഏറ്റവും മികച്ചത്" എന്ന് വിശേഷിപ്പിക്കുന്നു ( ഉൽപത്തി 47:6).
- എന്തുകൊണ്ടെന്നാൽ, അത് നൈൽ നദിയുടെ വിവിധ ശാഖകളാൽ നനഞ്ഞ സമൃദ്ധമായ ഒരു ദേശമാണ്.
- ഇത് കൃഷിക്കും മൃഗസംരക്ഷണത്തിനും അനുയോജ്യമായ സ്ഥലമായിരുന്നു.

ഇന്ന് ഗോശെൻ ദേശം കൃത്യമായി തിരിച്ചറിയാൻ കഴിയില്ലെങ്കിലും, മിക്ക ചരിത്രകാരന്മാരും ഇത് കെയ്റോയുടെ വടക്കുള്ള ഇന്നത്തെ നഗരമായ സഗാസിഗിന് സമീപമായിരുന്നിരിക്കാമെന്ന് അഭിപ്രായപ്പെടുന്നു. ഇന്നും ഈ പ്രദേശത്ത് ധാന്യങ്ങളും പരുത്തിയും കയറ്റുമതിക്കായി ഉൽപ്പാദിപ്പിക്കപ്പെടുന്നു.

**പ്രിയപ്പെട്ട യോദ്ധാക്കളെ, സഹോദരന്മാർ അസൂയ നിമിത്തം യോസേഫിനെ കുഴിയിലാക്കി വിറ്റെങ്കിൽ, സമ്പന്നമായ ഭൂമി അതേ ഗോത്രക്കാർക്കാണ് യോസേഫ് നൽകിയത്. തന്നെ ദ്രോഹിച്ചവരോട് നന്മയോടെ പ്രതികരിച്ച യോസേഫിന്റെ ഹൃദയം നിങ്ങൾക്കുണ്ടോ?**

**"തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക" (റോമർ 12:21).**



# 2 Phone Friends



സഹോദരൻ. അഭിഷാന്ത്

ശ്രീലങ്ക ദേശത്തിൽ യേശുവിനെ അറിഞ്ഞ കുടുംബത്തിൽ ജനിച്ചെങ്കിലും, യേശുവിനും തനിക്കും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്ത അവസ്ഥയിൽ സിനിമ കാണുന്നതിൽ അടിമപ്പെട്ടിരുന്ന അഭിഷാന്ത് എന്ന യൗവനക്കാരനെ ദൈവം വിടുവിച്ച് ഇന്ന് ശ്രീലങ്കയുടെ ഉണർവിനായി, ഭാരത്തോടെ പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ വീരനായി മാറ്റിയിരിക്കുന്നു. അദ്ദേഹവുമായിട്ടുള്ള അഭിമുഖസംഭാഷണം ഇതാ!

**താങ്കളുടെ കുടുംബത്തെ പറ്റി പറഞ്ഞാട്ടെ!**

എന്റെ പേര് അഭിഷാന്ത്. ഞാൻ ശ്രീലങ്കയിൽ ജനിച്ചു. അവിടെത്തന്നെ പഠിച്ച്, കുടുംബമായി താമസിക്കുന്നു. എന്റെ പിതാവ് വ്യാപാരം ചെയ്തു വരുന്നു. മാതാവ് ഗവൺമെന്റ് സ്കൂളിൽ ടീച്ചറായി ജോലി ചെയ്തുവരുന്നു. എന്റെ ജേഷ്ഠൻ എൻജിനീയറിങ് അവസാന വർഷം പഠിച്ചു വരുന്നു. എന്റെ അനുജൻ ഇപ്പോൾ ബോർഡ് എക്സാം എഴുതിയിരിക്കുന്നു. ഞാൻ സോഫ്റ്റ് വെയർ എൻജിനീയറിങ് ഫൈനൽ ഇയർ പഠിച്ചു വരുന്നു. എന്റെ മാതാവ് ക്രിസ്ത്യാനിയായിരുന്നതിനാൽ ഞങ്ങളെ ആലയത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുമായിരുന്നു. അങ്ങനെ ഞങ്ങൾ എല്ലാവരും ആലയത്തിൽ പോകുമായിരുന്നു. ഞങ്ങളുടെ കുടുംബം രക്ഷിക്കപ്പെടേണ്ടതിന് ദിവസവും പ്രാർത്ഥിക്കും. എന്റെ മാതാവിന്റെ പ്രാർത്ഥന കേട്ട് 2014 - ാം വർഷം ഒരു അങ്കിൾ മൂലം രക്ഷ പ്രാപിച്ചു. എങ്കിലും, പ്രാർത്ഥനാ ജീവിതവും കർത്താവിനോടുള്ള ബന്ധവും ശരിയായ നിലയിൽ അല്ലാത്ത അവസ്ഥയിലായിരുന്നു. ദിവസവും കുടുംബപ്രാർത്ഥന മാത്രം നടത്തുമായിരുന്നു.

**ശരി, നിങ്ങളുടെ മനോഹരമായ കുടുംബത്തെക്കുറിച്ച് പറഞ്ഞു. നിങ്ങളുടെ യൗവനപ്രായത്തിൽ നിങ്ങൾ എങ്ങനെയായിരുന്നു?**

എന്റെ യൗവനപ്രായത്തിൽ ദിവസവും നാല് അല്ലെങ്കിൽ അഞ്ച് സിനിമകൾ കാണും.

സഹോ. അഭിഷാന്ത് തന്റെ കുടുംബത്തോടൊപ്പം





എന്റെ സ്നേഹിതൻ കണ്ടിട്ട് എനിക്ക് അയച്ചുതരും. അത് ഞാൻ അതിരാവിലെ നാലുമണിവരെ കാണും. പുതിയ സിനിമകൾ വന്നാലും ആദ്യ ആളായി പോയി കാണും. 'ആരാണ് ആദ്യം അതിന്റെ കഥ പറയുന്നത്?' എന്ന മത്സരമാണ് ഞങ്ങൾക്കിടയിലുള്ളത്. അതിനെക്കുറിച്ച് തന്നെ സംസാരിച്ചുകൊണ്ടിരിക്കും എന്നല്ലാതെ മറ്റൊരു കാര്യവും സംസാരിക്കില്ല.

**യൗവനപ്രായത്തിൽ സിനിമ കാണുന്നതിന് അടിമയായിരുന്ന നിങ്ങളുടെ ഉള്ളിൽ യേശു എങ്ങനെയാണ് വന്നത് ?**

പറയാം ... 2022- ൽ നാലുമാവടിയിൽ നടന്ന ലോക ഉണർവ്വ് ദർശന ക്യാമ്പിൽ ഞാൻ പങ്കെടുത്തിരുന്നു. ആ ക്യാമ്പിൽ വരുമ്പോഴും സമയം പോകുന്നില്ലെങ്കിൽ സിനിമ കാണാം എന്ന് ചിന്തിച്ചുകൊണ്ട് അനേകം സിനിമകൾ ഡൗൺലോഡ് ചെയ്ത് വച്ചിരുന്നു. രാത്രിയിൽ പ്രാർത്ഥന നടന്നില്ലെങ്കിൽ സിനിമ കാണാം എന്ന് ചിന്തിച്ചാണ് ഞാൻ വന്നത്. എന്നാൽ, ആ ക്യാമ്പിന്റെ ആരംഭം മുതൽ ഓരോ വാക്കുകളും എന്നോട് സംസാരിച്ചു. പ്രാരംഭത്തിൽ ഭയങ്കര പ്രാർത്ഥനാ ശബ്ദമായിരുന്നു. എങ്ങനെ അഞ്ച് ദിവസം കഴിച്ചുകൂട്ടും എന്നുള്ള മടുപ്പോടുകൂടിയാണ് വന്നത്. ദൈവവചനം കേട്ടപ്പോൾ സെൽഫോൺ അടിമത്തത്തിൽ നിന്ന് വിടുതൽ ലഭിക്കണമെന്ന് എന്നെ സമർപ്പിച്ചു. അപ്പോൾ യേശു എന്നോട് സംസാരിച്ചു, എനിക്ക് വിടുതൽ തന്നു. അപ്പോൾ കർത്താവ് എനിക്ക് അടിമത്വത്തിൽ നിന്ന് വിടുതൽ നൽകി എന്നത് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല . ക്യാമ്പ് അവസാനിച്ച് രാത്രി ഉറങ്ങി കൊണ്ടിരിക്കുമ്പോൾ ഫോൺ എടുത്ത് നോക്കണം എന്ന ചിന്ത എനിക്ക് വന്നില്ല. സിനിമ കാണേണ്ടതിനായി ഞാൻ ഒരു ഫോൺ പ്രത്യേകം വച്ചിട്ടുണ്ടായിരുന്നു. ആ ഫോണും എടുക്കുവാൻ കർത്താവ് എന്നെ അനുവദിച്ചില്ല. അന്നുമുതൽ ഇന്നുവരെ യാതൊരു സിനിമയും കാണുന്നില്ല. കർത്താവ് അന്നേദിവസം എന്റെ ഉള്ളത്തിൽ വന്നത് ഞാൻ ഉണർന്നു.

**സൂപ്പർ, കർത്താവ് നിങ്ങളെ അന്വേഷിച്ചുവന്നു, അതിനുശേഷം നിങ്ങളുടെ ആത്മീക ജീവിതം എങ്ങനെയായിരുന്നു?**

ദിനംപ്രതി അരമണിക്കൂർ ദേശത്തിനായി പ്രാർത്ഥിച്ചുവരുന്നു. അത് മാത്രമല്ല, ഞാനും എന്റെ സ്നേഹിതനും മത്സരിച്ചാണ് സിനിമ കാണുന്നത്. അവന്റെ പേര് ചാരുക്ഷൻ.

താനും ഈ അടിമത്തത്തിൽ നിന്ന് വിടുതൽ പ്രാപിക്കണമെന്ന് പ്രാർത്ഥിച്ചു. അതേ സമയത്ത് ശ്രീലങ്കയിൽ നടന്ന ഒരു യോഗത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ അവനെയും ദൈവം മൊബൈൽ ഫോൺ അടിമത്തത്തിൽ നിന്ന് വിടുവിച്ചു. ഇപ്പോൾ ഞങ്ങൾ ഇരുവരും ഒത്തുചേർന്ന് വേദപുസ്തകം വായിക്കുന്നു, പ്രാർത്ഥിക്കുന്നു. യേശുവിനെ അറിയുന്നതിന് മുമ്പ് സിനിമകളെക്കുറിച്ച് മാത്രമേ ഞങ്ങൾ സംസാരിക്കുമായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ തിരുവചനത്തെക്കുറിച്ച് സംസാരിക്കുന്നു.

**സൂപ്പർ... നിങ്ങളുടെ സ്നേഹിതൻ ചാരുക്ഷനെയും ദൈവം രക്ഷിച്ചു... അദ്ദേഹത്തോട് ചോദിക്കാമോ?**



ഹായ് ചാരുക്ഷൻ നിങ്ങളുടെ ജീവിതത്തിൽ വന്ന മാറ്റത്തെക്കുറിച്ചും പറഞ്ഞാട്ടെ.

എന്റെ പേര് ചാരുക്ഷൻ. ഞാൻ ശ്രീലങ്കയിലുള്ള മട്ടക്കളപ്പ് എന്ന ഭാഗത്ത് താമസിക്കുന്നു, എന്റെ പിതാവ് ഒരു ഓട്ടോ ഡ്രൈവർ ആണ്. അമ്മ വീട്ടിൽ തന്നെയാണ്. എനിക്കൊരു അനുജത്തിയുണ്ട്. അഭിഷാന്ത്

എന്റെ സ്നേഹിതനാകുന്നു. ഞങ്ങൾ രണ്ടുപേരും 18 വർഷങ്ങളായി സ്നേഹിതന്മാരായി തുടരുന്നു. ഞങ്ങൾ പാരമ്പര്യ ക്രിസ്ത്യാനികൾ തന്നെയാണ്. ചെറുപ്രായത്തിൽ തന്നെ ജ്ഞാന സ്നാനം സ്വീകരിച്ചിട്ടുണ്ട്. പേരിനുമാത്രം ക്രിസ്ത്യാനിയായി ജീവിച്ചിരുന്നു. സമയം കിട്ടുമ്പോൾ മാത്രം ഞാൻ ആലയത്തിൽ പോകുമായിരുന്നു. ഞാൻ മൊബൈൽ ഫോണിന് അടിമയായിരുന്നു. ഒരു ദിവസം നാലു മുതൽ അഞ്ച് സിനിമകൾ വരെ കാണുമായിരുന്നു. ഉറങ്ങുന്ന സമയം ഒഴികെ മറ്റ് സമയങ്ങളിലെല്ലാം സിനിമകൾ കണ്ടുകൊണ്ടിരിക്കും. അത് മാത്രമല്ല, ഈ സിനിമകൾ അനേകർക്ക് അയച്ചുകൊടുത്ത് കാണുവാനും പറയും. സിനിമകൾ കണ്ടിട്ട് മാത്രമേ ഉറങ്ങുകയുള്ളൂ. ഞാൻ മൊബൈൽ ഫോണിന് അടിമയായിരുന്നതുകൊണ്ട് വിദ്യാഭ്യാസത്തിൽ എനിക്ക് താല്പര്യമില്ലായിരുന്നു. അതുകൊണ്ട് തുടർന്ന് പഠിക്കുവാൻ കഴിയാതെ പോയി.




**ശരി ചാരുക്ഷൻ, നിങ്ങളുടെ സ്നേഹിതൻ യേശുവിനെ സ്വീകരിച്ചു. നിങ്ങൾക്ക് യേശുവിനെ സ്വീകരിക്കണമെന്ന് താല്പര്യമുണ്ടായിരുന്നുവോ?**

അതെ .... എന്റെ സ്നേഹിതൻ വേൾഡ് റിവൈവൽ വിഷൻ ക്യാമ്പിൽ പോയിട്ട് വന്നപ്പോൾ, അവനിൽ വലിയ വ്യത്യാസം കണ്ടു. അവൻ ദൈവത്തോട് കൂടെ നടക്കുന്നത് കണ്ടപ്പോൾ എന്റെ ഉള്ളിൽ ഒരു വാഞ്ഛ ഉണ്ടായി. എനിക്കും ദൈവത്തോട് സംസാരിക്കണം, എനിക്കും സമാധാനം വേണം, അടിമത്തത്തിൽ നിന്ന് വിടുതൽ വേണമെന്ന് ആഗ്രഹിച്ചു. ആ സമയത്ത് ശ്രീലങ്കയിൽ റിവൈവൽ ഫാസ്റ്റിംഗ് പ്രയർ നടക്കുന്നതിനെ കുറിച്ച് കേട്ടിട്ട് ഞാൻ അതീവ താല്പര്യത്തോടെ പങ്കെടുത്തു. ഒന്നാം നാളിൽ തന്നെ യേശുവിന്റെ സ്പർശനം ഉണ്ടായി. അഭിഷേകത്താൽ നിറയപ്പെട്ടു. മൂന്ന് ദിവസത്തെ യോഗത്തിന് പോകുമ്പോൾ മൊബൈലിൽ സിനിമകൾ ഡൗൺലോഡ് ചെയ്തു വച്ചിരുന്നു. അവിടെ പോയശേഷം സിനിമ കാണണം എന്ന ചിന്ത ഉണ്ടായില്ല. ഒരു നിമിഷം പോലും പ്രാർത്ഥിക്കാത്ത ഞാൻ മുഴങ്കാൽ മടക്കി രാവിലെയും വൈകുന്നേരവും ദിവസവും അരമണിക്കൂർ സമയം പ്രാർത്ഥിക്കുന്നു. അത് മാത്രമല്ല, ഒരു സംഘവുമായി ചേർന്ന് ദേശത്തിനായി പ്രാർത്ഥിച്ചു വരുന്നു.

**അഭിഷാന്ത് യൗവനക്കാരോട് എന്തുപറയുവാൻ ആഗ്രഹിക്കുന്നു?**

യൗവനപ്രായത്തിലാണ് എല്ലാം അനുഭവിക്കുവാൻ കഴിയുന്നത്. ആകയാൽ യൗവനപ്രായത്തിൽ സകലതും അനുഭവിച്ച ശേഷം അല്പനാളുകൾ കഴിഞ്ഞിട്ട് വിശുദ്ധിയോടെ ജീവിക്കാം എന്ന് ചിന്തിച്ച് നമ്മുടെ ജീവിതം പാപത്തിൽ തന്നെ തുടരുന്നുവെങ്കിൽ നാം കൈവിടപ്പെട്ടവരായി മാറിയേക്കും. അതുകൊണ്ട് ഇന്ന് ആകുന്നു രക്ഷാദിനം! ഇന്ന് തന്നെ എല്ലാ പാപങ്ങളും ഏറ്റുപറഞ്ഞ് കർത്താവിങ്കലേക്ക് വരുമ്പോൾ, യേശു കർത്താവ് എന്റെ പ്രിയ മകനേ/ മകളേ എന്നിങ്ങനെ ആലിംഗനം ചെയ്യും. താമസം കൂടാതെ യേശുവിന്റെ അടുത്തേക്ക് വരിക.

**പ്രിയമുള്ള യൗവനക്കാരെ ശ്രീലങ്കയിൽ ജനിച്ചുവളർന്ന യൗവനക്കാരായ അഭിശാന്ത്, ചാരുക്ഷൻ തുടങ്ങിയ യൗവനക്കാർ പാപ അടിമത്തത്തിൽ നിന്ന് വീണ്ടെടുക്കപ്പെട്ട് ഇന്ന് ലോക ഉണർവിനായും, ശ്രീലങ്കയ്ക്ക് വേണ്ടിയും ഉത്തരവാദിത്വത്തോടെ പ്രാർത്ഥിക്കുന്ന സ്നേഹിതന്മാരായി ദൈവം മാറ്റിയിരിക്കുന്നു! നിങ്ങളും ഒരുപക്ഷേ ഇങ്ങനെയുള്ള അടിമത്തത്തിൽ ആയിരിക്കുന്നുവെങ്കിൽ, ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുക, ദൈവം നിങ്ങളെയും വിടുവിച്ച് ഉണർവിൽ ഉപയോഗിക്കും.**



# 50 പൈസയിൽ ആരംഭം

യുവജേതാക്കൾക്ക് എന്റെ സ്നേഹവന്ദനങ്ങൾ, അനേകം പോരാട്ടങ്ങൾ നിറഞ്ഞതാണ് ജീവിതം. പോരാട്ടങ്ങൾ ഇല്ലാതെ ജീവിതമില്ല. നമ്മുടെ ജീവിതത്തിൽ വരുന്ന ഓരോ പോരാട്ടങ്ങളും നമുക്ക് ഓരോ പാഠം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു.

ആ ഓരോ പാഠങ്ങളും നമ്മെ ജീവിത വിജയം നേടുവാൻ പ്രേരിപ്പിക്കുന്നു. പല പോരാട്ടങ്ങൾ നേരിട്ട് അവയൊക്കെയും പഠിപ്പിച്ചുതന്ന പാഠങ്ങൾ മനസ്സിലാക്കി ജയം പ്രാപിച്ച ഒരു ജേതാവിന്റെ ജീവിത പാഠം നിങ്ങൾക്കായി.

പെട്രീഷ്യ തോമസിന്റെ ജീവിതം കൗമാരപ്രായത്തിൽ വളരെ ആനന്ദകരമായിരുന്നു. തന്റെ പതിനേഴാം വയസ്സിൽ നാരായണൻ എന്ന വ്യക്തിയെ വിവാഹം കഴിച്ചു. തുടക്കത്തിൽ സന്തോഷമായി ആരംഭിച്ച വിവാഹജീവിതം, കുറച്ച് ദിവസങ്ങൾക്കുള്ളിൽ വളരെ മോശമായി മാറി. ഭർത്താവ് ലഹരിക്ക് അടിമയായ വ്യക്തിയാണെന്നറിഞ്ഞ് വളരെ മനോവേദന ഉണ്ടായി. ആയതിനാൽ കുടുംബം മുമ്പോട്ട് കൊണ്ടുപോകുവാൻ ആവശ്യമായ പണമില്ല, ആദരവ് നൽകുവാൻ ആരുമില്ല, വിദ്യാഭ്യാസമില്ല, യാതൊരു ജോലിയും അറിയില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ എന്ത് ചെയ്യണം എന്ന് പകച്ച് നിന്നപ്പോൾ, വീട്ടിൽ തന്നെ അച്ചാർ, ജാം എന്നിവ ഉണ്ടാക്കി വിൽക്കുവാൻ ആരംഭിച്ചു. വ്യാപാരം വളർന്ന് പെരുകി. തുടർന്ന് 1982 -ാം വർഷം മെറീനയിൽ ഒരു ഉന്തുവണ്ടി കട ആരംഭിച്ചു. ചായ, കാപ്പി, ബജി, ബോണ്ട, സമൂസ തുടങ്ങിയവ ഉണ്ടാക്കി വിൽപ്പന ആരംഭിച്ചു. ആദ്യദിവസം നല്ല രീതിയിൽ വിൽപ്പന നടന്നില്ല. വെറും 50 പൈസ മാത്രമാണ് ലാഭം ലഭിച്ചത്. ഇതിനാൽ തളർന്നുപോകാത്ത പെട്രേഷ്യ തുടർന്ന് കഠിനമായി അദ്ധ്വാനിക്കുവാൻ തുടങ്ങി.

പെട്രീഷ്യയുടെ കഠിനാദ്ധ്വാനത്താൽ ഉന്തുവണ്ടി കട പിന്നീട് അനേകം സ്ഥാപനങ്ങളിൽ ക്യാന്റീനായി മാറി. പടിപടിയായി മുന്നേറുവാൻ തുടങ്ങി. ഇങ്ങനെ പെട്രീഷ്യയുടെ ജീവിതം സന്തോഷപൂർവ്വമായി പോയിക്കൊണ്ടിരിക്കുമ്പോൾ, പ്രതീക്ഷിക്കാത്ത വിധത്തിൽ തന്റെ മകളും ഭർത്താവും അപകടത്തിൽ കൊല്ലപ്പെട്ടു. ഇതിനാൽ വളരെയധികം മനം തകർന്നുപോയി. കുറച്ച് നാളുകൾക്ക് ശേഷം വീണ്ടും പഴയതുപോലെ ബിസിനസ്സ് ആരംഭിച്ചു. തന്റെ മകൾ അപകടത്തിൽ പെട്ടപ്പോൾ തക്കസമയത്ത് ആംബുലൻസ് സഹായം ലഭ്യമാകാത്തതുനിമിത്തമാണ് മരണപ്പെട്ടത്. ആയതിനാൽ ആ പ്രദേശത്ത് ആംബുലൻസ് സേവനം ആരംഭിച്ചു. മകളുടെ ഓർമ്മയ്ക്കായി സന്ദീപ റസ്റ്റോറന്റ് എന്ന ഭക്ഷണശാല ആരംഭിച്ചു. ഇപ്പോൾ ആ റസ്റ്റോറന്റിൽ 200ലും അധികം ആളുകൾ ജോലി ചെയ്തുവരുന്നു. വെറും 50 പൈസ ലാഭത്തിൽ തുടങ്ങിയ ഇവരുടെ വ്യാപാരത്തിൽ ഇന്ന് ഒരു ദിവസം രണ്ട് ലക്ഷത്തിലും അധികം വരുമാനം ലഭിക്കുന്നു. 2019 - ാം വർഷം മികച്ച തൊഴിൽ സംരംഭകയ്ക്കുള്ള ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്ന ബഹുമതി നൽകി അവരെ ആദരിച്ചു.

ഇത് വായിക്കുന്ന എന്റെ സ്നേഹിതരെ ! പെട്രീഷ്യയുടെ ജീവിതം മുള്ളുകൾ നിറഞ്ഞ പാതയായിരുന്നു. എന്നാൽ, ആ പാതയെ പോരാടി കീഴ്പെടുത്തി ജയത്തിന്റെ പാതയായി മാറ്റിയിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിലുള്ള പോരാട്ടങ്ങൾ വെല്ലുവിളിയായി ഏറ്റെടുത്ത് പോരാടി ജയം പ്രാപിക്കുക.

ജീവിതം ജീവിക്കുവനുള്ളതാണ്!



# പരിശീലനവും... പരിശ്രമവും...






ഞാൻ ഒരു സ്വകാര്യ സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്തുവരുന്നു. എനിക്ക് പിതാവില്ല. അമ്മ രോഗി ആയിരിക്കുന്നതിനാൽ അവരെയും ശുശ്രൂഷിച്ചുകൊണ്ട് വളരെ ധൃതി പിടിച്ച് സ്കൂളിൽ പോകേണ്ടതായി വരുന്നു. രാവിലെ എട്ടര മണിക്ക് തുടങ്ങിയാൽ വൈകുന്നേരം 5.30 വരെ ഞാൻ സ്കൂളിൽ തന്നെയായിരിക്കും. എന്റെ വീട് വളരെ ദൂരത്തിൽ ആയതുകൊണ്ട് ഏഴ് മണിക്കാണ് വീട്ടിൽ തിരിച്ചെത്തുവാൻ കഴിയാറുള്ളത്. സ്കൂളിൽ നിന്ന് ലഭിക്കുന്ന ശമ്പളം എനിക്ക് മതിയാകാത്തതിനാൽ വീട്ടിൽ ട്യൂഷൻ എടുത്തുകൊണ്ടിരിക്കുന്നു. സ്കൂളിലും വീട്ടിലും ജോലിഭാരം അധികമായതുകൊണ്ട് എനിക്ക് വേണ്ടരീതിയിൽ സ്കൂളിൽ വിദ്യാർത്ഥികളെ ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. വിദ്യാർത്ഥികൾക്ക് എന്റെ മേൽ നല്ല അഭിപ്രായം ഇല്ലാത്തതുകൊണ്ട് പ്രിൻസിപ്പാളിന്റെ അടുക്കൽ വരെയും എന്നെക്കുറിച്ച് തെറ്റായ പരാതികൾ നൽകിയിരിക്കുന്നു. സ്കൂൾ അധികൃതർ എന്നോട് ജോലി രാജിവയ്ക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇത് നിമിത്തം ഞാൻ മാനസികമായ സമ്മർദ്ദത്തിന് അടിമപ്പെട്ടിരിക്കുന്നു. എന്റെ കുടുംബത്തിന് ഈ വരുമാനം അല്ലാതെ മറ്റൊന്നുമില്ല. എങ്ങനെയാണ് ഞാനിത് കൈകാര്യം ചെയ്യേണ്ടത്? - ശേഖർ

പ്രിയ അനുജൻ ശേഖർ, നിങ്ങളുടെ കഠിനാദ്ധ്വാനവും, അമിതമായ ജോലിഭാരവും, നന്നായി മനസ്സിലാകുന്നു. ഒരു ഭാഗത്ത് മാതാവിനെ ശുശ്രൂഷിക്കുവാൻ കഴിയാത്ത അവസ്ഥ. മറുഭാഗത്ത് നിങ്ങളുടെ അദ്ധ്യാപക വൃത്തിയെ നന്നായി ചെയ്യുവാൻ കഴിയുന്നില്ലല്ലോ എന്ന വിഷമവും വേദനയും നിങ്ങളെ ശക്തമായി ഞെരുക്കി കൊണ്ടിരിക്കുന്നു.

എന്റെ അദ്ധ്യാപകവൃത്തിയെ ഉത്തരവാദിത്വത്തോടെ ചെയ്യുവാൻ കഴിയുന്നില്ലല്ലോ എന്ന് വേദനിക്കുമ്പോൾ, ആ ജോലിയും തന്റെ കയ്യിൽ നിന്നും നഷ്ടപ്പെടുന്ന അവസ്ഥയിലാണ് എന്നത് ആശങ്കയും ഞെട്ടലും ഉളവാക്കുന്നു എന്ന് എനിക്ക് നന്നായി മനസ്സിലാകുന്നു.

ശേഖർ, ഈ ഞെരുക്കം നിറഞ്ഞ സാഹചര്യത്തിൽ നിന്ന് നിശ്ചയമായി നിങ്ങൾക്ക് പുറത്ത് വരുവാൻ സാധിക്കും. അതിന് നിങ്ങൾ ചില പരിശ്രമങ്ങളും പരിശീലനങ്ങളും ചെയ്യേണ്ടതുണ്ട്. ഏത് സ്കൂളിലാണോ വിദ്യാർത്ഥികളെ നന്നായി ശ്രദ്ധിക്കുവാൻ കഴിയാതിരിക്കുന്നത്, അതേ വിദ്യാലയത്തിൽ തന്നെ ഒരു ഔട്ട്സ്റ്റാൻഡിങ് ടീച്ചറായും, ഫസ്റ്റ് ക്ലാസ് അദ്ധ്യാപകനായും അവാർഡ് വാങ്ങുവാൻ താങ്കൾക്ക് സാധിക്കും.

## പ്രാരംഭമായി നിങ്ങളുടെ ജോലിയുടെ ശ്രേഷ്ഠത തിരിച്ചറിയണം.

- ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് പഠിപ്പിച്ച് കൊടുക്കുന്ന ഒരു ഗുരു മാത്രമല്ല, തന്നോട് പഠിക്കുന്ന വിദ്യാർത്ഥികളുടെ സാമർത്ഥ്യവും കഴിവുകളും കണ്ടുപിടിച്ച് അവരെ മണ്ണിൽ നിന്ന് എടുത്ത് മാണിക്യമായി മാറ്റുന്നവനാണ്.
- ഒരു അദ്ധ്യാപകന്റെ കൃത്യനിഷ്ഠയും മേൽനോട്ടവും വിദ്യാർത്ഥികളെ ഉന്നത വ്യക്തിത്വമാക്കി രൂപാന്തരപ്പെടുത്തുന്നു.
- ഒരു അദ്ധ്യാപകന്റെ പ്രശംസയും, പെരുമാറ്റവും വിദ്യാർത്ഥികളെ ശാസ്ത്രജ്ഞനായും, ശൂന്യാകാശ ഗവേഷകനായും മാറ്റുവാൻ കഴിയും.
- ഇങ്ങനെ പല ശ്രേഷ്ഠമായ ശില്പങ്ങൾ സൃഷ്ടിക്കുന്ന സവിശേഷതയുള്ള ശില്പിയാണ് ഒരു അദ്ധ്യാപകൻ.
- ഒരു വിദ്യാർത്ഥിയുടെ അറിവിന്റെ കണ്ണുകൾ തുറക്കുന്നവൻ മാത്രമല്ല അദ്ധ്യാപകൻ, ആ കണ്ണുകൾക്ക് പ്രകാശവും, ഉയർന്ന ശിഖരത്തിലേക്ക് നോക്കി ഓടുവാനുള്ള ഉണർവും, വിശ്രമമില്ലാതെ ഊട്ടി വളർത്തുന്ന ഒരു പരിശീലകനാണ് അദ്ധ്യാപകൻ.
- ഇത്തരത്തിലുള്ള അദ്ധ്യാപക വൃത്തിയുടെ ആവശ്യകതയും, സവിശേഷതയും, ഊർജ്ജവും, ബലവും അറിയാത്തതുകൊണ്ടാണ് ഇന്ന് പല അദ്ധ്യാപകരും കഷ്ടപ്പെടുന്നത്. പല വിദ്യാർത്ഥികളെയും അവർ കഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

**എടുക്കേണ്ട പരിശ്രമങ്ങൾ:** നിങ്ങളുടെ വിദ്യാർത്ഥികളെ നന്നായി അറിയണം. അവർ ഏത് അവസ്ഥയിലാണ് ഉള്ളത് എന്ന് അറിയേണ്ട വിധങ്ങൾ.

- ഒരു ക്ലാസ് മുറിയിൽ 50 വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ, അതിൽ 20% വിദ്യാർത്ഥികൾ പഠിക്കുവാൻ താൽപര്യമില്ലാത്തവരാണ്.
- 10% വിദ്യാർത്ഥികൾ അദ്ധ്യാപകരെ ശല്യപ്പെടുത്തുന്നവരാണ്.
- 10% വിദ്യാർത്ഥികൾ മതിലിന്റെ പുറത്തിരിക്കുന്ന തേങ്ങയുടെ അവസ്ഥയിലാണ്.
- 20 %വിദ്യാർത്ഥികൾ പഠിക്കുവാനുള്ള താൽപര്യം ഉള്ളവരായിരിക്കും.
- 30 % വിദ്യാർത്ഥികൾ പ്രശംസിക്കുന്നതിനാലും, സഹാനുഭൂതിയോടെ സംസാരിക്കുന്നത് കൊണ്ടും മുന്നേറുവാൻ തക്ക ഊർജ്ജം ഉള്ളവരാണ്.
- 10% വിദ്യാർത്ഥികൾ പഠിത്തം അവസാനിച്ച് വലിയ ആളായി മാറണം എന്നിങ്ങനെ മഹത്തായ ലക്ഷ്യം ഉള്ളവരായിരിക്കും.
- ഇങ്ങനെ നിങ്ങളുടെ ക്ലാസിലുള്ള വിദ്യാർത്ഥികളെ നിങ്ങൾ പട്ടിക തിരിച്ച് അവരുടെ കഴിവുകൾ തിരിച്ചറിയണം.

**മുകളിൽ കണ്ട വിദ്യാർത്ഥികളുടെ മനോനില അറിഞ്ഞ് അതിനനുസരിച്ച് അവരെ സമീപിക്കുക.**

- 20% പഠിക്കുവാൻ താൽപര്യമില്ലാത്തവർക്ക് പഠനത്തിൽ ഉത്സാഹം ഉണ്ടാകേണ്ടതിന് എങ്ങനെയുള്ള രീതിയാണ് സ്വീകരിക്കേണ്ടത് ?
- 10% ശല്യക്കാരായ വിദ്യാർത്ഥികൾക്ക് എന്ത് ഉത്തരവാദിത്തമാണ് കൊടുക്കേണ്ടത്?
- 20% പഠിക്കുവാൻ താൽപര്യമുള്ളവരെ എങ്ങനെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്?
- 30% പ്രശംസിക്കേണ്ടവരെ എങ്ങനെ, എപ്പോൾ പ്രശംസിക്കണം?
- 10% പഠിക്കുന്നവരെ എങ്ങനെ മൂർച്ച കൂട്ടി മുന്നേറുവാൻ സഹായിക്കണം?

ഇങ്ങനെ നിങ്ങൾ ക്ലാസിലുള്ള എല്ലാ വിദ്യാർത്ഥികളെയും അറിഞ്ഞ് അവർക്ക് അനുയോജ്യമായ പാഠങ്ങളും, നല്ല ശീലങ്ങളും ഉപദേശിക്കുമ്പോൾ വിദ്യാർത്ഥികളുടെ ഇടയിൽ ഒരു മാറ്റം ഉണ്ടാകും.

ആരൊക്കെ നിങ്ങളെ വേണ്ട എന്ന് പറഞ്ഞുവോ, അവർ നിങ്ങൾ മതി എന്ന് പറയുവാനും സാധ്യതയുണ്ട്.

ഇങ്ങനെ ചില പരിശ്രമങ്ങളും, പരിശീലനങ്ങളും നിങ്ങൾ സ്വീകരിക്കുമ്പോൾ, ഒരു മികച്ച അദ്ധ്യാപകനായി മാറുവാൻ സാധ്യതയുണ്ട്. വേദപുസ്തകത്തിൽ ഒരു വചനമുണ്ട്. "പ്രവർത്തിയിൽ സാമർത്ഥ്യമുള്ള പുരുഷനെ നീ കാണുന്നുവോ? അവൻ രാജാക്കന്മാരുടെ മുമ്പിൽ നില്ക്കും; നീചന്മാരുടെ മുമ്പിൽ അവൻ നില്ക്കയില്ല." (സദൃശവാക്യങ്ങൾ 22:29)

നിങ്ങൾ ജാഗ്രതയോടെ ഇരുന്ന് സത്യസന്ധമായി, സാമർത്ഥ്യത്തോടെ പ്രവർത്തിച്ചാൽ പുറത്താക്കപ്പെടുകയില്ല. മറിച്ച് പ്രമോഷന്റെ മേൽ പ്രമോഷൻ പ്രാപിച്ച് ഉയർച്ച പ്രാപിക്കും. ഹാർഡ് വർക്കിന് പകരം സ്മാർട്ട് വർക്ക് ചെയ്യുവാൻ പരിശ്രമിക്കുക.

കൂടാതെ ട്യൂഷൻ എടുക്കുന്നത് അമിതമായ ജോലിഭാരം നൽകുന്നതാണെങ്കിൽ ചില നാളുകൾ നിർത്തിവച്ചിട്ട് രോഗി ആയിരിക്കുന്ന നിങ്ങളുടെ മാതാവിന് വേണ്ടി പ്രാർത്ഥിച്ച്, അവരെ സ്നേഹപൂർവ്വം ശുശ്രൂഷിക്കുക. നിങ്ങൾ നിങ്ങളുടെ മാതാവിന് വേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിക്കുന്നതുകൊണ്ടും, അവരുമായി വിലയേറിയ സമയം ചെലവാക്കുന്നത് കൊണ്ടും അവരുടെ ശാരീരിക നിലയിൽ മാറ്റം കാണുവാൻ സാധിക്കും.

**"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും." (ഫിലിപ്പിയർ 4:6,7)**




# ധൈര്യമായിരിക്കുക!

രണ്ടാം ലോക മഹായുദ്ധത്തിന്റെ നാളുകളിൽ നാസികളുടെ കൂട്ടക്കൊല ക്യാമ്പുകളിൽ പോലും ജനങ്ങൾ സ്വസ്ഥമായി ഉറങ്ങി. എന്ത് വിശ്വാസമാണ് അങ്ങനെയുള്ള ഉറക്കത്തെ നൽകിയത് എന്ന് അവരോട് ചോദിച്ചപ്പോൾ, നാളെ നിശ്ചയമായും ഒരു നല്ല നാളെ ആയിരിക്കും എന്നുള്ള അവരുടെ ദൃഢമായ വിശ്വാസവും പ്രത്യാശയും പലരെയും ജീവിക്കുവാൻ പ്രേരിപ്പിച്ചു. വീഴുന്നതിനേക്കാൾ ഒരു തവണ എഴുന്നേറ്റാൽ ജയം പ്രാപിക്കും എന്ന് ചൈനയിൽ ഒരു പഴഞ്ചൊല്ലുണ്ട്. നിങ്ങളുടെ സ്വപ്നത്തെ നോക്കി ഓടിക്കൊണ്ടിരിക്കുമ്പോൾ, ചില താമസങ്ങളും, പരാജയങ്ങളും ഉണ്ടാകും. അത് കണ്ട് തളർന്ന് പോകാതെ നിങ്ങളുടെ ഹൃദയത്തെ ഉറപ്പിച്ച് മനം തളരാതെ ലക്ഷ്യം നോക്കി ഓടുവാൻ തുടങ്ങിയാൽ നിശ്ചയമായും ജയം പ്രാപിക്കും.

ഇന്ത്യയുടെ ഓരോ തെരുവുകളിലും ക്രിക്കറ്റ് കളിക്കുന്ന ഓരോരുത്തരുടെയും ഹൃദയത്തിന്റെ ഉള്ളിൽ എനിക്കും ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ ചേർന്ന് കളിക്കണം എന്ന ചിന്തയും സ്വപ്നവും ഉണ്ടാകും. അത്തരത്തിലുള്ള സ്വപ്നങ്ങളോടു കൂടെയാണ് തങ്കരാജ് നടരാജനും തന്റെ ക്രിക്കറ്റ് പ്രയാണം ആരംഭിച്ചത്. സേലം ജില്ലയിൽ ചിന്നപ്പം പട്ടിയിൽ കൈത്തറി തൊഴിലാളിയായ അപ്പൻ, റോഡരികിൽ ഭക്ഷണശാല നടത്തിവരുന്ന അമ്മ, ഇങ്ങനെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ഇദ്ദേഹം തന്റെ സ്വപ്നത്തെ നോക്കി ഓടുന്നതിൽ ഉറപ്പുള്ളവനായിരുന്നു. കഠിനമായ പരിശീലനത്താൽ ലഭിക്കുന്ന അവസരങ്ങൾ മുഴുവനും ശരിയായി ഉപയോഗപ്പെടുത്തി തമിഴ്നാട് രഞ്ജി ട്രോഫിയിൽ കളിച്ച് മുഴുവൻ പേരുടെയും ശ്രദ്ധ ആകർഷിച്ചു. വലിയ സ്വപ്നങ്ങളുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിൽ, തന്റെ ബൗളിംഗ് രീതി തെറ്റാണെന്ന് പറഞ്ഞ് ക്രിക്കറ്റ് ജീവിതത്തിന് ഒരു വർഷം നിരോധനം ഏർപ്പെടുത്തിയപ്പോൾ, മനസ്സ് തളരാതെ തന്റെ ഹൃദയത്തെ ധൈര്യപ്പെടുത്തി കഠിനമായ പരിശീലനത്തിൽ ഏർപ്പെട്ട് വീണ്ടും തന്റെ ക്രിക്കറ്റ് സ്വപ്നത്തിലേക്ക് നോക്കി ചലിക്കുവാൻ തുടങ്ങി.





ഐപിഎൽ മത്സരങ്ങളിൽ അനേകരുടെ ശ്രദ്ധ ആകർഷിച്ചു. ഇന്ത്യൻ ടീമിൽ സ്ഥാനം നേടിയ അദ്ദേഹം ഒരേ യാത്രയിൽ തന്നെ മൂന്നു തരത്തിലുള്ള അന്തർദേശീയ മത്സരങ്ങളിലും വിജയിച്ച ആദ്യത്തെ ഇന്ത്യൻ ക്രിക്കറ്റ് താരമായിത്തീർന്നു. തുടർന്ന് ഇന്ത്യൻ ടീമിൽ അവസരങ്ങൾ ലഭിക്കാതിരുന്നിട്ടും, മനസ്സ് തളർന്നു പോകാതെയും തന്റെ സ്വന്തം ഗ്രാമത്തിൽ ക്രിക്കറ്റ് ഗ്രൗണ്ട് ഒരുക്കി മികച്ച താരങ്ങളെ രൂപപ്പെടുത്തി വരുന്നു. നമ്മുടെ സ്വപ്നങ്ങളും പദ്ധതികളും നിറവേറാതെ ഇരിക്കുമ്പോൾ ഹൃദയം തളർന്ന് ധൈര്യമില്ലാത്തവരായി മാറുന്നു. 'അടുത്ത് എന്ത് ചെയ്യണം?' എന്ന് ചിന്തിച്ച് പ്രവർത്തിക്കുവാൻ കഴിയാത്ത അളവിലേക്ക് നമ്മുടെ ബലവും പ്രത്യാശയും നഷ്ടപ്പെടുന്നു. നിങ്ങളെ ചുറ്റി പലവിധമായ പോരാട്ടങ്ങൾ, ഞെരുക്കങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, ഭാവികാല ഭയങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ, ബലമില്ലാത്തവരായി പോകരുത്. " ഞാനോ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹന്നാൻ 16:33) എന്ന് പറഞ്ഞ യേശുവിനെ വിശ്വസിച്ച് ധൈര്യമുള്ളവരായിരിക്കുക. കർത്താവ് നിങ്ങളുടെ കാര്യങ്ങൾ സാദ്ധ്യമാക്കിത്തരും.


യെരുശലേമിൽ ആലയം പണിയേണ്ടതിന് കോരെശ് രാജാവിനാൽ അയക്കപ്പെട്ട സംഘം സെരുബ്ബാബേൽ എന്ന വ്യക്തിയുടെ നേതൃത്വത്തിൽ ഏകദേശം 900 മൈലുകൾ യാത്ര ചെയ്ത് ആലയ നിർമ്മാണ പണി യെരുശലേമിൽ ആരംഭിച്ചു. ദേവാലയത്തിന്റെ അടിസ്ഥാനം ഇടുകയും കർത്താവിന് ആലയം പണിയുന്നു എന്ന വാർത്ത കേട്ട ശത്രുക്കൾ " യെഹൂദാജനത്തിന് ധൈര്യക്ഷയം വരുത്തി പണിയാതിരിക്കേണ്ടതിന് അവരെ പേടിപ്പിച്ചു" (എസ്രാ 4:4). ഏകദേശം 16 വർഷങ്ങൾ ആലയത്തിന്റെ നിർമാണം തടസപ്പെട്ടു. ഇതിനാൽ ദേവാലയത്തിന്റെ പണി ആരംഭിച്ച അനേകർ തളർന്നുപോയി. അടുത്ത് എന്ത് ചെയ്യണമെന്നറിയാതെ പ്രവർത്തനശേഷിയില്ലാത്തവരായി, കർത്താവിന്റെ ആലയം പണിയുവാനുള്ള കാലം ആയിട്ടില്ല എന്നിങ്ങനെ കാത്തിരിക്കുകയായിരുന്നു. അപ്പോൾ കർത്താവ് ഹഗ്ഗായി പ്രവാചകനിലൂടെ സെരുബ്ബാബേലിന്റെ ഹൃദയവും കൈകളും തളർന്നുപോകാതെ ധൈര്യപ്പെടുത്തി, ദേവാലയ നിർമ്മാണത്തിന്റെ വേലകൾ വീണ്ടും ആരംഭിക്കുവാൻ ഇടയാക്കി. തന്റെ ജീവിതത്തിൽ എതിർപ്പുകളും, പോരാട്ടങ്ങളും, മനുഷ്യരിലൂടെ ഗൂഢാലോചനകളും വന്നപ്പോഴും സെരുബ്ബാബേൽ തളർന്നു പോയില്ല. " ദുർവർത്തമാനം നിമിത്തം അവൻ ഭയപ്പെടുകയില്ല ..." (സങ്കീർത്തനങ്ങൾ 112:7) എന്നിങ്ങനെ കർത്താവിന്റെ വചനം പറയുന്നതുപോലെ സെരുബ്ബാബേൽ ധൈര്യപ്പെട്ട് ആലയം പണിതു.

കർത്താവായ യേശുക്രിസ്തു നിങ്ങളിലൂടെ എന്തെല്ലാം ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ടോ അതെല്ലാം നിശ്ചയമായും ചെയ്ത് തീർക്കും എന്നതിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ ജീവിതത്തിൽ പോരാട്ടങ്ങളും, ദുരിതങ്ങളും വരുമ്പോൾ മടുത്തുപോകാതെ ഉറപ്പും ധൈര്യവുമുള്ളവനായി, കർത്താവ് എന്നോട് കൂടെയുണ്ട് എന്ന പ്രത്യാശയോടെ മനം തളർന്നു പോകുവാൻ അനുവദിക്കാതെ നിങ്ങൾ മുന്നോട്ട് പോകുമ്പോൾ നിശ്ചയമായും ജയം പ്രാപിക്കും.

എനിക്ക് പ്രിയമുള്ള യൗവനക്കാരെ, നിങ്ങളുടെ വർത്തമാനകാലം അടിസ്ഥാനമാക്കി നിങ്ങളുടെ ഭാവികാലത്തെ ഓർത്ത് ഭയപ്പെടേണ്ട, നിങ്ങളുടെ സാഹചര്യങ്ങൾ മാറ്റുവാൻ സർവ്വശക്തനായ ദൈവത്തിന്റെ വചനങ്ങളും, കർത്താവിന്റെ വാഗ്ദത്തങ്ങളും ആരാഞ്ഞറിയുക.

"എന്നാൽ നിങ്ങൾ ധൈര്യമായിരിപ്പിൻ; നിങ്ങളുടെ കൈകൾ തളർന്നുപോകരുത്; നിങ്ങളുടെ പ്രവർത്തിക്കു പ്രതിഫലം ഉണ്ടാകും" (2 ദിനവൃത്താന്തം 15:7) എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ ജീവിതത്തിൽ വിപരീതമായ കാര്യങ്ങൾ നടക്കുമ്പോൾ തന്നെ ഹൃദയം തളർന്ന് പോകാതെ അദ്ദേഹം കർത്താവിനെ ആശ്രയിച്ചിരുന്നു. കർത്താവ് കാര്യങ്ങൾ അനുകൂലമാക്കി മാറ്റി. നിങ്ങളുടെ സാഹചര്യങ്ങൾ കണ്ട് തളർന്നു പോകാതെ," .. ധൈര്യപ്പെട്ട് പ്രവർത്തിച്ചു കൊൾവിൻ..." (2 ദിനവൃത്താന്തം 19:11).

കർത്താവ് നിങ്ങളോട് കൂടെയിരുന്ന് ജയം നൽകും!





happy

# സന്തോഷമായിരിക്കുവിൻ!



**"ജീവപര്യന്തം സന്തോഷിക്കുന്നതും സുഖം അനുഭവിക്കുന്നതും അല്ലാതെ ഒരു നന്മയും മനുഷ്യർക്ക് ഇല്ല എന്നു ഞാൻ അറിയുന്നു" (സഭാപ്രസംഗി 3:12) എന്നിങ്ങനെ ശലോമോൻ പറയുന്നു.**
**ഈ ലോകത്തിൽ മനുഷ്യൻ ജീവിക്കുന്ന കാലം സന്തോഷത്തോടെ ഇരിക്കുന്നതും, ജീവിച്ചിരിക്കുന്ന കാലത്ത് നന്മ ചെയ്യുന്നതുമാണ് ദൈവം മനുഷ്യന് തന്നിരിക്കുന്ന നന്മകൾ.**
**നിങ്ങൾ സന്തോഷിക്കണം! ഇതാണ് ദൈവം നിങ്ങൾക്ക് വച്ചിരിക്കുന്ന നന്മ. യൗവനക്കാരെ കുറിച്ച് കർത്താവ് സംസാരിക്കുമ്പോൾ, "യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക" (സഭാപ്രസംഗി 11:9) എന്ന് പറയുന്നു.**


നാം സന്തോഷമായിരിക്കണം എന്നതിനായി ദൈവം തന്റെ സ്വരൂപത്തിൽ നമ്മെ സൃഷ്ടിച്ചു. ആനന്ദത്തോടെ ജീവിക്കുന്നത് തന്നെയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്ന നന്മ. "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു" (ഫിലിപ്പിയർ 4:4) . എപ്പോഴും സന്തോഷത്തോടെ ഇരിക്കണം എന്നതിനാണ് കർത്താവ് നമ്മെ രക്ഷിച്ച് തന്റെ മക്കളാക്കി മാറ്റിയിരിക്കുന്നത്.


ഇന്ന് ഞാൻ രക്ഷിക്കപ്പെട്ടു, അഭിഷേകം പ്രാപിച്ചു എന്ന് പറയുമ്പോൾ എത്രപേർക്ക് സന്തോഷമുണ്ട്? അനേകരോട് വ്യക്തിപരമായി സംസാരിച്ചാൽ, 'ഇത് എന്ത് ജീവിതമാണ്?', 'എനിക്ക് ആരുണ്ട്?', 'എന്തിന് ഈ ലോകത്തിൽ ജീവിക്കണം?' എന്നിങ്ങനെ ഒരു സന്തോഷവും ഇല്ലാതെ സംസാരിക്കുന്ന ജനങ്ങളാണ് ലോകത്തിൽ അധികവും കാണപ്പെടുന്നത്. കർത്താവ് നിങ്ങളെ സന്തോഷത്തോടെ വച്ചിരിക്കുന്നു. "കർത്താവ് ഞങ്ങൾക്ക് ഒരു കുറവും വച്ചിട്ടില്ല" എന്ന് സന്തോഷത്തോടെ പറയുന്നവർ വിരളമാണ്. നിങ്ങൾ സന്തോഷത്തോടെ ഇരിക്കുമ്പോൾ എന്ത് സംഭവിക്കും?

## അത്ഭുതങ്ങൾ കാണും!

"ഭയപ്പെടേണ്ട; ഘോഷിച്ചുല്ലസിച്ച് സന്തോഷിക്ക; യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു" (യോവേൽ 2:21). കർത്താവ് നിങ്ങൾക്ക് വലിയ കാര്യങ്ങൾ ചെയ്യും. അതിനുശേഷം സന്തോഷിച്ച് ഉല്ലസിക്കുക എന്ന് വേദപുസ്തകം നമ്മോട് പറയുന്നില്ല. ഒന്നാമത് സന്തോഷിച്ച് ഉല്ലസിക്കുക, അപ്പോൾ കർത്താവ് വൻ കാര്യങ്ങളെ ചെയ്യും എന്നിങ്ങനെയാണ് കർത്താവിന്റെ വചനം പറയുന്നത്. ആനന്ദിച്ച് ഉല്ലസിക്കുവിൻ! ഞാൻ വലിയ കാര്യങ്ങൾ ചെയ്യും എന്ന് കർത്താവ് പറയുവാൻ കാരണമെന്താണ്? പ്രശ്നങ്ങൾ, പോരാട്ടങ്ങൾ, രോഗങ്ങൾ എന്നിവയുടെ മദ്ധ്യേ നാം കർത്താവിൽ സന്തോഷിക്കുമ്പോൾ, കർത്താവിന്റെമേൽ വച്ചിരിക്കുന്ന വിശ്വാസത്തെ നാം വെളിപ്പെടുത്തുന്നു. അതാണ് യഥാർത്ഥ വിശ്വാസം.

പൗലൊസും ശീലാസും തടവറയിൽ അടിച്ചു മുറിവേൽപ്പിക്കപ്പെട്ട്, കൈയും കാലും അനക്കുവാൻ കഴിയാത്ത നിലയിൽ ആമത്തിൽ പൂട്ടപ്പെട്ട അവസ്ഥയിലായിരിക്കുമ്പോൾ അർദ്ധരാത്രിയിൽ പ്രാർത്ഥിച്ചു. ദൈവത്തെ സ്തുതിച്ചു പാടി. അവർ തടവറയിൽ കണ്ണുനീരിന്റെ പ്രാർത്ഥന അല്ല കഴിച്ചത്, യാചനയുടെ പ്രാർത്ഥനയും നടത്തിയില്ല. അവർ ദൈവത്തെ സ്തുതിച്ച് പാടി. സന്തോഷം ഉണ്ടെങ്കിലല്ലേ പാടുവാൻ കഴിയുകയുള്ളൂ? ഉള്ളത്തിൽ സന്തോഷമുണ്ടെങ്കിൽ മാത്രമേ സന്തോഷത്തോടെ പാടുവാൻ





കഴിയുകയുള്ളൂ. പൗലൊസും, ശീലാസും തടവറയിൽ അടയ്ക്കപ്പെട്ടപ്പോൾ, യേശുക്രിസ്തുവും ഈ തടവറയിൽ അടയ്ക്കപ്പെട്ടിരിക്കുന്നു, യേശു ഞങ്ങളോട് കൂടെയുണ്ട് എന്നിങ്ങനെ അവർ വിശ്വസിച്ചു. അതുകൊണ്ടാകുന്നു കർത്താവിനെ സ്തുതിച്ച് പാടിയത്. ചങ്ങലകൾ അഴിഞ്ഞുമാറി, അവർ അത്ഭുതങ്ങൾ കണ്ടു. നിങ്ങളും കർത്താവിൽ സന്തോഷിച്ച് ഉല്ലസിക്കണം. യേശു എപ്പോഴും എന്നോട് കൂടെയുണ്ട് എന്ന സന്തോഷം, ആനന്ദം, ഉല്ലാസം നിങ്ങളുടെ ഉള്ളിൽ ഉണ്ടാകണം. അപ്പോൾ നിങ്ങൾ അത്ഭുതങ്ങൾ കാണും!

## ആഗ്രഹങ്ങൾ സാധിച്ചുതരും!

"യഹോവയിൽതന്നെ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും" (സങ്കീർത്തനങ്ങൾ 37:4). നിങ്ങളുടെ ഹൃദയത്തിന്റെ അപേക്ഷകൾ കർത്താവ് നിങ്ങൾക്ക് നൽകണമെങ്കിൽ ഒന്നാമത്, കർത്താവിൽ സന്തോഷിക്കുവാൻ പരിശീലിക്കുക. വേദപുസ്തകത്തിൽ ഹന്നാ എന്ന സ്ത്രീ കർത്താവ് തനിക്കൊരു മകനെ നൽകേണ്ടതിന് കരഞ്ഞ് അപേക്ഷിച്ചു. "അതിന് ഏലി: സമാധാനത്തോടെ പൊയ്ക്കൊൾക; യിസ്രായേലിന്റെ ദൈവത്തോടു നീ കഴിച്ച അപേക്ഷ അവൻ നിനക്കു നല്കുമാറാകട്ടെ എന്ന് പറഞ്ഞു. അവളുടെ മുഖം പിന്നെ വാടിയതുമില്ല" എന്നിങ്ങനെ 1ശമുവേൽ 1:17,18 വാക്യങ്ങളിൽ വായിക്കുന്നു. ദൈവത്തോട്



അപേക്ഷിച്ചിട്ട് കർത്താവിന്റെ പാദത്തിൽ തന്റെ ഭാരം ഇറക്കി വച്ചതിനുശേഷം ഹന്നായുടെ മുഖം വാടിയിട്ടില്ല. അവൾ അപേക്ഷിച്ചത് കർത്താവ് നിശ്ചയമായി നൽകും എന്ന് വിശ്വസിച്ച് കർത്താവിൽ സന്തോഷിച്ച് ഉല്ലസിച്ചു. കർത്താവ് അവൾ ആഗ്രഹിച്ചതും ചോദിച്ചതും അവൾക്ക് നൽകി.

ഇന്ന് അനേകം ദൈവമക്കളുടെ ഹൃദയത്തിൽ ആനന്ദമില്ല. കാരണം, അവർ കർത്താവിന്റെ സന്നിധിയിൽ ഹന്നായെപ്പോലെ ഇരുന്ന് കർത്താവിനോട് സംസാരിക്കാറില്ല, കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് കർത്താവിനോട് ഹൃദയം തുറന്ന് സംസാരിച്ചു നോക്കുക. കർത്താവ് നിങ്ങളെ സന്തോഷിപ്പിക്കും. കർത്താവിൽ നിങ്ങൾ സന്തോഷത്തോടെ ഇരിക്കുമെങ്കിൽ നിങ്ങൾ ആഗ്രഹിക്കുന്നത് കർത്താവ് സാദ്ധ്യമാക്കിത്തരും. കർത്താവിനോട് നാം സംസാരിക്കുന്നത് ഒരു അപ്പൻ മകൻ ബന്ധമാകുന്നു. കർത്താവ് എവിടെയോ ഒരു സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഒരു കളിപ്പാവയെ നിയന്ത്രിക്കുന്നത് പോലെ നമ്മെ നിയന്ത്രിക്കുന്നവനല്ല. നമ്മുടെ അരികിൽ വന്ന് നമ്മോട് സംസാരിക്കുന്ന ഒരു നല്ല പിതാവാണ്. കർത്താവ് നമ്മെ എപ്പോഴും സന്തോഷിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. യേശുവിന്റെ പാദത്തിൽ പോയിരുന്ന് കർത്താവിനോട് സംസാരിച്ച് സന്തോഷിക്കുക. കർത്താവ് നിങ്ങളോടും സംസാരിക്കും. നിങ്ങളുടെ ആഗ്രഹങ്ങൾ നൽകി നിങ്ങളെ സന്തോഷിപ്പിക്കും.

**പ്രിയപ്പെട്ട യൗവനക്കാരെ, " .... യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ...." (നെഹമ്യാവ് 8:10) എന്നിങ്ങനെ വേദപുസ്തകത്തിൽ പറയുന്നു. നാം ജീവിക്കുന്ന ഈ ഭൗതിക ജീവിതത്തിൽ പാടുകൾ, ക്ഷീണം, നിന്ദ, അപമാനം ഇവയെല്ലാം കൊണ്ടുവന്ന് നമ്മുടെ സന്തോഷം ഇല്ലാതാക്കുവാൻ പിശാച് പരിശ്രമിക്കുന്നു. എന്നാൽ നാം എപ്പോഴും കർത്താവിന്റെ സന്നിധിയിൽ സന്തോഷിച്ച് ഉല്ലസിക്കുമ്പോൾ കർത്താവ് തന്റെ ദൈവീക ബലത്താൽ നമ്മെ വഴി നടത്തുവാൻ മതിയായവനാണ്.**

# യുവജന ഉണർവ് കൂട്ടായ്മ

## (നാഗപട്ടണം, മയിലാടുതുറ, ചെങ്കൽപെട്ട്, തിരുവേങ്കടം, തിരുവനന്തപുരം)









ദൈവീക ദർശനം നിവർത്തിക്കപ്പെടുവാൻ ജില്ലകൾ തോറും, താലൂക്കുകൾ തോറും സുവിശേഷം അറിയിക്കേണ്ടതിന് യൗവനക്കാരെ എഴുന്നേൽപ്പിക്കാൻ പദ്ധതി നൽകിയതിൻ പ്രകാരം പല ജില്ലകളിലുള്ള ഗ്രാമങ്ങളിൽ പോയി യുവജന ഉണർവ് കൂട്ടായ്മകൾ നടത്തുവാൻ ദൈവം കൃപ ചെയ്തു. ഓരോ മാസവും അനേകം താലൂക്കുകളിലും, ജില്ലകളിലും യോഗങ്ങൾ നടത്തി യൗവനക്കാരെ സുവിശേഷം അറിയിക്കുവാനും, പ്രാർത്ഥിക്കുവാനും പ്രോത്സാഹിപ്പിക്കേണ്ടതിന് ദൈവം കൃപ നൽകി. കഴിഞ്ഞ ജൂലൈ മാസം നാഗപട്ടണം, മയിലാടുതുറ, തിരുവനന്തപുരം, ചെങ്കൽപെട്ട് എന്നിവിടങ്ങളിൽ നടന്ന യോഗങ്ങളിൽ ഏകദേശം 1569 യൗവനക്കാർ പങ്കെടുത്ത് ഉണർവിന്റെ ദർശനം പ്രാപിച്ച് കടന്നുപോയി. അത് മാത്രമല്ല, ഏകദേശം 32000 ത്തോളം ലഘുലേഖകൾ വാങ്ങിക്കൊണ്ട് അവരവരുടെ ഗ്രാമങ്ങളിൽ കടന്നുചെന്ന് ലഘുലേഖ ശുശ്രൂഷ ചെയ്ത് ആത്മാക്കളെ നേടും എന്ന ദർശനത്തോടു കൂടെ കടന്നുപോയിരിക്കുന്നു.
ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ!

















# ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ

## ദാവീദിന്റെ തൈലക്കൊമ്പ് അഭിഷേകം

എന്റെ പ്രിയ യൗവനക്കാരെ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹവന്ദനങ്ങൾ. കഴിഞ്ഞ മാസം ദാവീദ് രാജാവിന്റെ ആദ്യകാല ജീവിതത്തെക്കുറിച്ച് നാം ധ്യാനിച്ചു. ഈ മാസം അതിന്റെ തുടർച്ചയായി ദാവീദിന് കർത്താവ് നൽകിയ അഭിഷേകത്തെക്കുറിച്ച് ധ്യാനിക്കാം.



'മസാക്ക്' എന്ന എബ്രായ വാക്കിന് 'എണ്ണ തടവുക' അല്ലെങ്കിൽ 'എണ്ണ പൂശുക' എന്നാണ് അർത്ഥം. ബേത് ലഹേമിലേക്ക് പ്രവാചകനായ ശമുവേൽ യഹോവയാൽ അയക്കപ്പെട്ടതിന്റെ ലക്ഷ്യം തന്നെ, ദാവീദിനെ രാജാവായി അഭിഷേകം ചെയ്യേണ്ടതിനത്രേ. എന്നാൽ, അങ്ങനെ ഒരു യാഗവിരുന്നിനെക്കുറിച്ച് മരുഭൂമിയിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന ദാവീദിന് അറിയിപ്പ് ലഭിച്ചിരുന്നില്ല. ആ യാഗവിരുന്നിലേക്ക് ദാവീദ് ക്ഷണിക്കപ്പെടുകയും ചെയ്തിരുന്നില്ല. അവസാനത്തെ മകനായ ദാവീദ് അത്രത്തോളം മാതാപിതാക്കളാലും, സഹോദരങ്ങളാലും നിസ്സാരമായി കരുതപ്പെട്ട്, അവരാൽ അവഗണിക്കപ്പെട്ട നിലയിലായിരുന്നു എന്ന്നാം കാണുന്നു.

ബേത് ലഹേം ആലയത്തിൽ വിരുന്നൊരുക്കി. എന്നാൽ, വിരുന്നിന് മുമ്പ് പെട്ടെന്ന് ശമുവേൽ പ്രവാചകൻ ദാവീദിന്റെ പിതാവായ യിശ്ശായിയെ വിളിച്ച് നിന്റെ മക്കളെ വരിവരിയായി അയയ്ക്കുക എന്ന് പറഞ്ഞു. തന്റെ മൂത്ത മകനായ ഏലിയാബ് തുടങ്ങി ഒത്ശേം വരെയുള്ള ഏഴ് സുന്ദരന്മാരായ ആൺമക്കളെയും വരിവരിയായി അയച്ചു. ഇവൻ ആയിരിക്കും, അല്ലെങ്കിൽ ഇവൻ ആയിരിക്കും എന്നിങ്ങനെ പ്രാവാചകൻ ശമുവേലും പുറമേയുള്ള കാഴ്ച കണ്ട് തെറ്റിപ്പോയി. എന്നാൽ ദൈവം "മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു. ഇവർ ഏഴ് പേരെയും ഞാൻ തള്ളിയിരിക്കുന്നു" എന്നു പറഞ്ഞു. എന്താണിത്? ശമുവേലിന് വന്ന ശോധന! അദ്ദേഹവും ആകെ കുഴപ്പത്തിലായി.

അതിനുശേഷം ദാവീദിന്റെ അപ്പനോട്, "നിന്റെ പുത്രന്മാർ എല്ലാവരുമായോ" എന്ന് ശമുവേൽ പ്രവാചകൻ ചോദിച്ചു. അപ്പോഴാണ് തങ്ങളാൽ മറക്കപ്പെട്ട, അവഗണിക്കപ്പെട്ട, നിസ്സാരൻ എന്ന് എണ്ണപ്പെട്ട ആടുകളെ മേയ്ച്ചുകൊണ്ടിരിക്കുന്ന അവസാനത്തെ മകനായ ദാവീദിനെക്കുറിച്ച് അപ്പന് ഓർമ്മ വന്നത്. "ഇനി, ഉള്ളതിൽ ഇളയവൻ ഉണ്ട്; അവൻ ആടുകളെ മേയിക്കയാകുന്നു" എന്ന് പറഞ്ഞു. അപ്പോൾ പോലും: ഇതാ ആളയച്ച് അവനെ വിളിക്കുന്നു എന്ന് പറയുവാൻ അപ്പന് മനസ്സില്ലായിരുന്നു. മറിച്ച്, അവൻ ആട് മേയ്ക്കുന്നവനാണ്, ഈ അഭിഷേകം, വിരുന്ന് ഇതിനൊന്നും അവൻ കൊള്ളത്തില്ല എന്നത് പോലെയാണ് അപ്പൻ പ്രവാചകനോട് ദാവീദിനെ പരിചയപ്പെടുത്തിയത്.

എന്റെ ചെറുപ്പത്തിൽ എന്റെ വീടിനടുത്ത് ഒരു കുടുംബത്തിൽ ആറ് മക്കൾ ഉണ്ടായിരുന്നു. അതിൽ മൂന്നാമത്തെ മകനെ നോക്കി അവരുടെ ബന്ധുക്കളിൽ ഒരാൾ, നീ നന്നായി പാചകം ചെയ്യുന്നു, നിന്നെ പാചകത്തിന് മാത്രമേ കൊള്ളാവൂ എന്നിങ്ങനെ പറയുമായിരുന്നു. നാളുകൾ കഴിഞ്ഞപ്പോൾ അവനെ നേരാംവണ്ണം സ്കൂളിലേക്ക് അയക്കാതെ പാചകവേലയ്ക്കായി പറഞ്ഞുവിട്ടു. നിങ്ങളുടെ വീട്ടിലും

നിങ്ങളുടെ മാതാപിതാക്കൾ ഈ ചെറുക്കൻ ഇതിനൊന്നും കൊള്ളത്തില്ല, ഇതിനെല്ലാം ഇവനെ പറ്റത്തില്ല, ഒന്നിനും കൊള്ളാത്തവൻ, വീട്ടിലും നാട്ടിലും ഭാരമാണ് എന്നിങ്ങനെ ബന്ധുക്കളുടെ മുമ്പിൽ വച്ച് കളിയാക്കി മുറിവേൽപ്പിക്കുന്നുണ്ടോ? ഭാരപ്പെടേണ്ട, ദാവീദിന്റെയും അവസ്ഥ ഇങ്ങനെയൊക്കെ തന്നെയായിരുന്നു.

എന്നാൽ, "ശമുവേൽ പ്രവാചകൻ യിശ്ശായിയോട്: ആളയച്ച് അവനെ വരുത്തുക; അവൻ വന്നിട്ടല്ലാതെ നാം പന്തിക്കിരിക്കയില്ല എന്നു പറഞ്ഞു". അനന്തരം മറ്റ് മാർഗങ്ങൾ ഒന്നുമില്ലാതെ മരുഭൂമിയിലേക്ക് ആളയച്ച് ഈ വിരുന്നിന്റെ യഥാർത്ഥ നായകനെ കൊണ്ടുവന്നു.

"എഴുന്നേറ്റ് ഇവനെ അഭിഷേകം ചെയ്ക; ഇവൻതന്നെ ആകുന്നു" എന്ന് കർത്താവ് ശമുവേലിനോട് കല്പിച്ചു. ഉടനെ അദ്ദേഹം എഴുന്നേറ്റ് തൈലക്കൊമ്പ് എടുത്ത് ഏത് സഹോദരന്മാരാണോ അവനെ നിസ്സാരമായി കരുതി അവഗണിച്ചത്, അവരുടെ നടുവിൽ വച്ച് "ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി; എന്റെ വിശുദ്ധതൈലംകൊണ്ട് അവനെ അഭിഷേകം ചെയ്തു" (സങ്കീർത്തനങ്ങൾ 89:20) എന്ന കർത്താവിന്റെ വചനപ്രകാരം ദാവീദിനെ അഭിഷേകം ചെയ്തു. അതുകൊണ്ടാകുന്നു "എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു, എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു" എന്ന് പാടി ദാവീദ് കർത്താവിനെ മഹത്വപ്പെടുത്തിയത്. അഭിഷേകം പ്രാപിച്ചതുമുതൽ യഹോവയുടെ ആത്മാവ് ദാവീദിന്മേൽ വന്നു ( 1 ശമുവേൽ 16:13).

ആട് മേയിക്കുന്നവൻ എന്ന് കുടുംബക്കാരാൽ നിസ്സാരനായി എണ്ണപ്പെട്ട, പ്രവാചകനായ ശമുവേലിന്റെ മുമ്പിൽ പരിചയപ്പടുത്തപ്പെട്ട ദാവീദ്, ഈ അഭിഷേകം പ്രാപിച്ചശേഷം കിന്നരം വായിക്കുന്നതിൽ വിദഗ്ധനായി, പരാക്രമശാലിയായി, യുദ്ധവീരനായി, കാര്യപ്രാപ്തനായി, കർത്താവ് അവനോടുകൂടെ ഉള്ളവനായി( 1ശമുവേൽ 16:18) അറിയപ്പെട്ട് രാജാവായ ശൗലിന്റെ മുമ്പിൽ പരിചയപ്പെടുത്തപ്പെട്ടു. ദാവീദ് കിന്നരം എടുത്ത് വായിച്ചപ്പോൾ രാജാവിൽ ഉണ്ടായിരുന്ന ദുരാത്മാവ് വിട്ടുപോയി ( 1ശമുവേൽ 16:23).



ഈ അഭിഷേകം പ്രാപിച്ച ശേഷമാണ് യിസ്രായേലിന്റെ പേടിസ്വപ്നമായിരുന്ന തങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്ന, ഏകദേശം പത്തടി ഉയരമുള്ള ഗോലിയാത്ത് എന്ന രാക്ഷസനെ ദാവീദ് വെറും സാധാരണ കവണക്കല്ലുകൊണ്ട് എയ്ത്കൊന്ന്, ഇസ്രായേലിന് ഒരു മഹാവിജയം നേടിക്കൊടുത്തു, അപ്പോൾ ദാവീദിന് കേവലം 20 വയസ്സായിരുന്നു പ്രായം.

എല്ലാറ്റിനും മേലായി മുപ്പതാമത്തെ വയസ്സിൽ ദാവീദ് ഇസ്രായേലിന്റെ രാജാവായി ഉയർത്തപ്പെട്ടു. കാരണം അവന്റെമേൽ ഉണ്ടായിരുന്ന അഭിഷേകവും അവനിൽ വസിച്ചിരുന്ന കർത്താവിന്റെ ആത്മാവുമാണ്. "വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇതു യഹോവയാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യം ആയിരിക്കുന്നു" (സങ്കീർത്തനങ്ങൾ 118:22,23) എന്നിങ്ങനെ തന്റെ അനുഭവം ദാവീദ് പാടുന്നു.

പ്രിയ സഹോദരന്മാരെ, സഹോദരിമാരെ! നിങ്ങൾ ഈ ലോകക്കാരാലും, ബന്ധുക്കളാലും തള്ളപ്പെട്ട നിലയിൽ ആയിരിക്കുന്നുവോ? നിങ്ങൾ അഭിഷേകം പ്രാപിക്കുവാൻ ഇന്ന് തന്നെ നിങ്ങളെ സമർപ്പിക്കുക. കർത്താവിന്റെ ആത്മാവ് നിങ്ങളിൽ വസിച്ചുകൊണ്ട് നിങ്ങളെ വഴി നടത്തുവാൻ തയ്യാറായിരിക്കുന്നു.

ആത്മാവിന്റെ ഈ അഭിഷേക തൈലം നിങ്ങളിൽ പകരപ്പെടുമ്പോൾ, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധ്യം വരുത്തുന്ന പരിശുദ്ധാത്മാവ് നിങ്ങളോട് കൂടെയുള്ളതിനാൽ, പാപത്തെ നിങ്ങൾക്ക് കീഴ്പ്പെടുത്തുവാൻ കഴിയും. യാതൊരു പാപവും ഇനി നിങ്ങളെ അടുക്കുകയില്ല. സത്യത്തിന്റെ ആത്മാവ് നിങ്ങളിൽ വരുമ്പോൾ, നിങ്ങളെ സകല സത്യത്തിലും വഴി നടത്തുന്നത് നിങ്ങൾക്ക് ബോദ്ധ്യമാകും. ഈ പരിശുദ്ധാത്മാവ് നിങ്ങളെ പ്രബോധിപ്പിക്കുന്നവനായി, എല്ലാറ്റിനെയും ഓർപ്പിക്കുന്നവനായി നിങ്ങളോട് കൂടെ ഇരിക്കും.

ഈ പരിശുദ്ധാത്മാവ് നിങ്ങളിൽ വരുമ്പോൾ നിങ്ങൾ പുതിയ ശക്തി പ്രാപിക്കും. ബലഹീനതകൾ മാറിപ്പോകും!

ഈ പരിശുദ്ധാത്മാവിന്റെ നിറവ് ലോകമെങ്ങും നിങ്ങളെ സാക്ഷിയായി എഴുന്നേൽപ്പിക്കും. ഒരു മനുഷ്യനും നിങ്ങൾക്ക് വിരോധമായി നിൽക്കുവാൻ കഴിയുകയില്ല.

നിങ്ങളുടെ ജീവിതത്തിൽ ഇതുവരെ കാണാത്ത അനുഗ്രഹങ്ങൾ നിങ്ങൾ പ്രാപിക്കും. ഇന്നുതന്നെ ആത്മാവെന്ന കാര്യസ്ഥനെ പ്രാപിക്കുവാൻ സമർപ്പിക്കുക.

# ധൈര്യമായിരുന്നവർ...

പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ച സ്തെഫാനൊസ് സുവിശേഷം ധൈര്യമായി പ്രസംഗിച്ചതുകൊണ്ട്, പ്രസംഗം കേട്ടവരെല്ലാം യേശുവിനെ സ്വീകരിക്കുവാൻ തുടങ്ങി. ക്രിസ്ത്യാനികൾ വേഗത്തിൽ വളരുവാൻ തുടങ്ങി. സ്തെഫാനൊസിനെക്കുറിച്ച് ഇല്ലാത്ത അപവാദങ്ങളും പറയുവാൻ തുടങ്ങി. അദ്ദേഹം മോശെയ്ക്ക് വിരോധമായും, ദൈവത്തിന് വിരോധമായും ദൂഷണം പറയുന്നു എന്നിങ്ങനെ ജനങ്ങളുടെ ഇടയിൽ അഭ്യൂഹം പടർത്തി. അത് വിശ്വസിച്ച ജനങ്ങൾ സ്തെഫാനൊസിനെ ന്യായാധിപ സംഘത്തിൽ കൊണ്ടുപോയി നിർത്തി. അപ്പോൾ അവന്റെ മുഖം ദൈവദൂതന്റെ മുഖം പോലെ ശോഭിച്ചു. മഹാപുരോഹിതൻ തന്നോട് ഇതൊക്കെ സത്യമാണോ എന്ന് ചോദിച്ചപ്പോൾ, സ്തെഫാനൊസ് ഇത് നല്ലൊരു അവസരം എന്ന് കണ്ടിട്ട്, അവിടെയും വലിയൊരു പ്രസംഗം നടത്തി ശാസിച്ച് പ്രാർത്ഥിച്ചു. "ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞതും, അവനെ നഗരത്തിൽനിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു. "
(വായിക്കുക: അപ്പൊ. പ്രവർത്തികൾ: 6:8-15,7:1-60)



## ഇയ്യോബ്

**വാത്സല്യമുള്ള യൗവനക്കാരെ, ഇയ്യോബ് ധൈര്യം നഷ്ടപ്പെട്ട് മടുത്തുപോകണമെന്ന് ആഗ്രഹിച്ചുകൊണ്ട് സാത്താൻ പല സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടും, ഇയ്യോബ് കർത്താവിന്റെ മേൽ പ്രത്യാശവച്ച് സഹിഷ്ണുതയോടെ സകലവും നേരിട്ടു. അനുഗ്രഹം പ്രാപിച്ചു. നിങ്ങളും എല്ലാം നഷ്ടപ്പെട്ട് ധൈര്യം ചോർന്നിരിക്കുന്നുവോ? കർത്താവിന്റെ മേൽ ആശ്രയം വയ്ക്കുക. കർത്താവ് നിങ്ങളെ ഉറപ്പിക്കും.**

പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ച തെഫാനൊസ് സുവിശേഷം ധൈര്യമായി പ്രസംഗിച്ചതുകൊണ്ട്, പ്രസംഗം കേട്ടവരെല്ലാം യേശുവിനെ സ്വീകരിക്കുവാൻ തുടങ്ങി. ക്രിസ്ത്യാനികൾ വേഗത്തിൽ വളരുവാൻ തുടങ്ങി. സ്തെഫാനൊസിനെക്കുറിച്ച് ഇല്ലാത്ത അപവാദങ്ങളും പറയുവാൻ തുടങ്ങി. അദ്ദേഹം മോശെയ്ക്ക് വിരോധമായും, ദൈവത്തിന് വിരോധമായും ദൂഷണം പറയുന്നു എന്നിങ്ങനെ ജനങ്ങളുടെ ഇടയിൽ അഭ്യൂഹം പടർത്തി. അത് വിശ്വസിച്ച ജനങ്ങൾ സ്തെഫാനൊസിനെ ന്യായാധിപ സംഘത്തിൽ കൊണ്ടുപോയി നിർത്തി. അപ്പോൾ അവന്റെ മുഖം ദൈവദൂതന്റെ മുഖം പോലെ ശോഭിച്ചു. മഹാപുരോഹിതൻ തന്നോട് ഇതൊക്കെ സത്യമാണോ എന്ന് ചോദിച്ചപ്പോൾ, സ്തെഫാനൊസ് ഇത് നല്ലൊരു അവസരം എന്ന് കണ്ടിട്ട്, അവിടെയും വലിയൊരു പ്രസംഗം നടത്തി ശാസിച്ച് പ്രാർത്ഥിച്ചു. "ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞതും, അവനെ നഗരത്തിൽനിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു. "
(വായിക്കുക: അപ്പൊ. പ്രവർത്തികൾ: 6:8-15,7:1-60)

## സ്തെഫാനൊസ്



**പ്രിയപ്പെട്ട യൗവനക്കാരെ, സുവിശേഷം അറിയിച്ചാൽ കല്ലെറിഞ്ഞുകൊല്ലും എന്ന് സ്തെഫാനൊസ് അറിഞ്ഞിട്ടും മനസ്സുറപ്പിച്ച്, ധൈര്യപ്പെട്ട് അവസാന ശ്വാസം വരെ സുവിശേഷം അറിയിച്ചുകൊണ്ട് രക്തസാക്ഷിയായി മരിച്ചു. യൗവനക്കാരെ നിങ്ങളും ഉറച്ച മനസ്സോടെ, ധൈര്യത്തോടെ സുവിശേഷം അറിയിക്കുമോ?**



# ധൈര്യമില്ലാത്തവർ...
## 12 ഒറ്റുകാർ

ദൈവം മോശെയോട്: ഓരോ ഗോത്രത്തിൽ നിന്നും ഒരാളെ വീതം തിരഞ്ഞെടുത്ത്, അതിൽ 12 പേരെ കനാൻ ദേശം ഒറ്റു നോക്കുവാൻ അയക്കുക, ആ ദേശത്തെ ഇസ്രായേലിന് ഞാൻ നൽകും എന്ന് പറഞ്ഞു. മോശെ 12 പേരെ തിരഞ്ഞെടുത്തു, ആ ദേശത്ത് പാർക്കുന്ന ജനം എങ്ങനെയുള്ളത് എന്ന് കണ്ടുവരിക എന്ന് യോശുവയെയും കാലേബിനെയും കൂടാതെ 10 പേരെയും ചേർത്ത് 12 ഒറ്റുകാരെ അയച്ചു. നാല്പത് ദിവസങ്ങൾക്ക് ശേഷം ദേശം നല്ലത് തന്നെ, അവിടെ പാർക്കുന്ന ജനങ്ങൾ ബലവാന്മാരും , പട്ടണങ്ങളിൽ ഏറ്റവും ഉറപ്പും വലിപ്പവുമുള്ള മതിലുകൾ ഉണ്ട് എന്നിങ്ങനെ അവിശ്വാസത്തോടെ സംസാരിച്ചു. "നമുക്ക് അവരെ ജയിക്കുവാൻ കഴിയും! ഉടനെ പോകാം" എന്ന് കാലേബ് പറഞ്ഞു. മറ്റ് 10 ഒറ്റുകാരും അത് വേണ്ട, ജനങ്ങൾ മല്ലന്മാരെ പോലെ ഇരിക്കുന്നു, അവരുടെ മുമ്പിൽ നാം വെട്ടുക്കിളികളെപ്പോലെ ഇരിക്കുന്നു എന്ന് പറഞ്ഞു. നമുക്ക് വേറൊരു നേതാവിനെ തിരഞ്ഞെടുത്ത് മിസ്രയീമിലേക്ക് തിരികെപോകാം, എന്തിന് അവിടെ ചെന്ന് മരിക്കണം എന്ന് സംസാരിച്ചു. യോശുവയും, കാലേബും വിശ്വാസമുള്ള വാക്കുകൾ പറഞ്ഞു. എന്നാൽ അവർ കേൾക്കാതെ, യോശുവയെയും കാലേബിനെയും കൊന്നുകളയുവാൻ തീരുമാനിച്ച് ദൈവകോപത്തിന് ഇരയായി തീർന്നതുകൊണ്ട് വാഗ്ദത്ത ദേശത്തിലേക്ക് എത്തുവാൻ അവർക്ക് കഴിയാതെ പോയി (വായിക്കേണ്ടത്: സംഖ്യാപുസ്തകം: 13,14 അദ്ധ്യായങ്ങൾ).

**പ്രിയമുള്ള യൗവനക്കാരെ, 10 ഒറ്റുകാരും ധൈര്യമില്ലാത്തവരായി, പ്രത്യാശ നഷ്ടപ്പെട്ടതുകൊണ്ട് വാഗ്ദത്തം ചെയ്ത ദേശം അവകാശമാക്കുവാൻ കഴിഞ്ഞില്ല. നിങ്ങളും ഇവരെപ്പോലെ ധൈര്യമില്ലാത്തവരായിരിക്കുന്നുവോ? നിങ്ങളുടെ പ്രത്യാശ കർത്താവിങ്കലേക്ക് തിരിക്കുമ്പോൾ നിങ്ങൾ ധൈര്യം പ്രാപിക്കും!**

## ബാരാക്



പ്രവാചകയായ ദെബോറാ ബാരാക്കിനോട്, നീ പതിനായിരം പേരെ കൂട്ടിക്കൊണ്ട് കീശോൻ തോട്ടിലേക്ക് പോക. അവിടെ യാബീന്റെ സൈന്യത്തിന് വിരോധമായി നീ യുദ്ധം ചെയ്യണം, യാബീന്റെ സൈന്യാധിപനായ സീസെരയെ അവിടെ നീ പരാജയപ്പെടുത്തും എന്ന് കർത്താവ് അരുളിചെയ്തത് അദ്ദേഹത്തോട് അറിയിച്ചു. ആ സന്ദേശം കേട്ട് ബാരാക് പോകുവാൻ ഭയപ്പെട്ടിട്ട്, നീ എന്നോടുകൂടെ വരുന്നെങ്കിൽ ഞാൻ പോകാം എന്ന് പറഞ്ഞു. അതിന് ദെബോറാ, ഞാൻ നിന്നോടു കൂടെ പോരാം; എന്നാൽ നീ പോകുന്ന യാത്രയാൽ ഉണ്ടാകുന്ന ബഹുമാനം നിനക്കു വരികയില്ല; യഹോവ സീസെരയെ ഒരു സ്ത്രീയുടെ കൈയിൽ ഏല്പിച്ചുകൊടുക്കും എന്നു പറഞ്ഞു. ബാരാക്കും തന്നോട് കൂടെയുണ്ടായിരുന്ന പതിനായിരം പേരും സിസെരയുടെ വലിയ സൈന്യത്തോട് യുദ്ധം ചെയ്യുവാൻ പർവ്വതത്തിൽ നിന്ന് താഴേക്കിറങ്ങിചെന്നു. അപ്പോൾ കീശോൻ തോട്ടിലെ വെള്ളം കവിഞ്ഞൊഴുകിയത് കൊണ്ട് സിസെരയുടെ ഇരുമ്പ് രഥങ്ങൾ ചെളിയിൽ പുതഞ്ഞുപോയി. അതിനാൽ സിസെര തന്റെ രഥത്തിൽ നിന്ന് ഇറങ്ങി ഓടി. ബാരാക്കും അവന്റെ പട്ടാളക്കാരും സിസെരയുടെ സൈന്യത്തെ പിന്തുടർന്ന് പരാജയപ്പെടുത്തി. എന്നാൽ സിസെരയോ യായേൽ എന്ന സ്ത്രീയുടെ കൈയാൽ കൊല്ലപ്പെട്ടു.
(വായിക്കുവാൻ: ന്യായാധിപന്മാർ 4 -ാം അദ്ധ്യായം)



**പ്രിയമുള്ള യൗവനക്കാരെ ബാരാക് ദൈവം പറഞ്ഞ വാക്കുകൾ അനുസരിക്കാതെ, ധൈര്യം നഷ്ടപ്പെട്ട് വാക്ക് പറഞ്ഞ കർത്താവിനെ വിശ്വസിക്കാതെ, ദെബോറായുടെ മേൽ വിശ്വാസം വച്ചതുകൊണ്ട്, കർത്താവ് സിസെരയെ തന്റെ കൈകളിൽ ഏൽപ്പിച്ചുകൊടുത്തില്ല.**



# പ്രാർത്ഥ

## സെപ്റ്റംബർ 2023

**8.** ആഗോളതലത്തിൽ കഴിഞ്ഞ 2022 -ാം വർഷം 250 കോടി ജനങ്ങൾ ആവശ്യമുള്ള ഭക്ഷണം ലഭ്യമാകാത്തതിനാൽ മരിച്ചിരിക്കുന്നു. ജനങ്ങൾക്ക് വേണ്ട ഭക്ഷണം ലഭ്യമാകേണ്ടതിന് പ്രാർത്ഥിക്കാം.

**1.** ഇന്ത്യയിൽ ഓരോ വർഷവും നാല് ലക്ഷം പെൺ ശിശുക്കളെ പ്രസവത്തിന് മുമ്പ് ലിംഗ പരിശോധന മൂലം കണ്ടുപിടിച്ച് ഗർഭഛിദ്രം ചെയ്യുന്നത് തടയപ്പെടുവാനായി പ്രാർത്ഥിക്കുക.

**2.** സ്ത്രീധനം കൊടുക്കേണ്ടിവരുമോ എന്ന ഭയത്താൽ പെൺകുട്ടികൾ നശിപ്പിക്കപ്പെടുന്നു എന്നിങ്ങനെ ഐക്യരാഷ് ട്രസഭ അറിയിച്ചിരിക്കുന്നു. ഈ അവസ്ഥ മാറുവാൻ പ്രാർത്ഥിക്കാം.

**3.** 2017-ൽ തുടങ്ങി 2022 വരെ ഏകദേശം 35,493 സ്ത്രീകൾ സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെട്ടിരിക്കുന്നു. സ്ത്രീധനം എന്ന ദുരാത്മാവ് നമ്മുടെ രാജ്യത്തിൽ നിന്ന് പൂർണ്ണമായി തുടച്ചു നീക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

**4.** ഒരു മണിക്കൂറിനുള്ളിൽ ഒരു സ്ത്രീ സ്ത്രീധനപീഡനത്താൽ കൊല്ലപ്പെടുന്നത് തടുക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

**5.** ഓരോ നാല് മിനിറ്റിലും ഒരു സ്ത്രീ സ്ത്രീധനത്തിന്റെ പേരിൽ പീഡനത്തിന് ഇരയാകുന്നത് തടയപ്പെടുവാനും, സ്ത്രീകൾ സംരക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കാം.

**6.** സ്ത്രീധനം വാങ്ങുന്നത് പാപം എന്ന ബോധം വരന്റെ കുടുംബക്കാർക്ക് ഉണ്ടാകേണ്ടതിന് പ്രാർത്ഥിക്കാം.

**7.** സ്ത്രീധനം നിമിത്തം വിവാഹം നടക്കാത്തതുകൊണ്ട് അനേകർ ജീവിതത്തോട് വെറുപ്പുണ്ടായി ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നു. ഈ അവസ്ഥ മാറുവാൻ പ്രാർത്ഥിക്കാം.

**9.** സമീകൃത ആഹാരം ലഭിക്കാതെ 14.8 കോടി കുഞ്ഞുങ്ങളുടെ വളർച്ചയിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു. കുഞ്ഞുങ്ങൾക്ക് നല്ല പോഷകാഹാരം ലഭ്യമാകുവാൻ പ്രാർത്ഥിക്കാം.

**10.** ലോകം മുഴുവനും ഒരു നേരത്തെ ഭക്ഷണം ഇല്ലാതെ ഭാരപ്പെടുന്ന ജനങ്ങൾക്ക് ആവശ്യമായ പോഷകാഹാരം ലഭിച്ച്, വിശപ്പ് ശമിക്കുവാൻ പ്രാർത്ഥിക്കാം.

**11.** ഓരോ വർഷവും ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷണത്തിൽ മൂന്നിലൊരു ഭാഗം (130 കോടി ടൺ) വെറുതെ കളയുന്നത് തടയപ്പെടുവാൻ പ്രാർത്ഥിക്കാം.

**12.**9 പേരിൽ ഒരാൾ വിശപ്പ് കൊണ്ടും പട്ടിണി നിമിത്തവും മരണം നേരിടുന്ന അവസ്ഥ മാറുവാൻ പ്രാർത്ഥിക്കാം.

**13.** ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന 67 കോടി ജനങ്ങളുടെമേൽ ദൈവീക വാഴ്ച വെളിപ്പെടുവാൻ പ്രാർത്ഥിക്കാം.

**14.** ഇതിൽ 60% വിദ്യാർത്ഥികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നു. അവരുടെ വിദ്യാഭ്യാസം, ഭാവികാലം എന്നിവ തകർക്കപ്പെടാതിരിക്കാനും, ദൈവം അവരെ സംരക്ഷിക്കേണ്ടതിനും പ്രാർത്ഥിക്കുക.

**15.** അഞ്ച് വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾ മണിക്കൂറുകൾ സെൽഫോണിൽ ചെലവാക്കുന്നു. സെൽഫോണിന് അടിമപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങൾ വിടുവിക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

**16.** മൊബൈൽ ഫോൺ അടിമത്തം നിമിത്തം മനോനില തകരാറിലായ കുട്ടികൾ അതിൽ നിന്ന് വിടുവിക്കപ്പെടുവാനും, ഇതിനായി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കപ്പെടുവാനും പ്രാർത്ഥിക്കാം.

# മനാ ഡയറി!



**17.** രാജ്യത്തെങ്ങുമുള്ള സർക്കാർ ആശുപത്രികളിൽ ആരോഗ്യപരമായ സാഹചര്യങ്ങൾ ഒരുക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

**18.** സർക്കാർ ആശുപത്രികളിൽ സാങ്കേതിക ഉപകരണങ്ങൾ ഗവൺമെന്റ് വാങ്ങേണ്ടതിന് പദ്ധതികൾ രൂപീകരിക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

**19.** ആശുപത്രികളിൽ ജോലി ചെയ്യുന്ന വ്യക്തികൾ സേവന മനോഭാവത്തോടെ പ്രവർത്തിപ്പാനും, അശ്രദ്ധ മാറി സത്യസന്ധമായി പ്രവർത്തിക്കുന്നതിനും പ്രാർത്ഥിക്കുക.

**20.** സർക്കാർ ആശുപത്രികളിൽ പണത്തിനുവേണ്ടി നിഗൂഢമായി പ്രവർത്തിക്കുന്ന സംഘങ്ങൾ നടത്തിവരുന്ന കുഞ്ഞുങ്ങളെ കടത്തുക, മോഷണം, ക്രൂരതകൾ എന്നിവ നീങ്ങിപ്പോകുവാനായി പ്രാർത്ഥിക്കുക.

**21.** നല്ല പരിശീലനം പ്രാപിച്ച ഡോക്ടർമാർ സർക്കാർ ആശുപത്രികളിൽ സേവന മനോഭാവത്തോടെ ജോലി ചെയ്യേണ്ടതിന് മുന്നോട്ട് വരുവാൻ പ്രാർത്ഥിക്കുക.

**22.** തുടർച്ചയായ മഴ കാരണം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അനേകരുടെ ജീവൻ നഷ്ടപ്പെട്ടിരിക്കുന്നു. പ്രകൃതിക്ഷോഭം നിമിത്തം ഇനി യാതൊരു മരണവും ഉണ്ടാകാതിരിക്കാനും, ദൈവീക സംരക്ഷണം ഉണ്ടാകുവാനും പ്രാർത്ഥിക്കുക.

**23.** നമ്മുടെ രാജ്യം മുഴുവനും ശരിയായ കാലാവസ്ഥയും, അനുഗ്രഹിക്കപ്പെട്ട മഴയും ലഭിക്കുവാൻ പ്രാർത്ഥിക്കാം.

**24.** ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന അത്യാവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

**25.** വിലക്കയറ്റം നിമിത്തം കഷ്ടപ്പെടുന്ന സാധാരണക്കാരുടെയും, ദരിദ്രരായ ആളുകളുടെയും ജീവിതോപാധികൾക്കായി പ്രാർത്ഥിക്കാം.

**26.** മണിപ്പൂർ സംസ്ഥാനത്തിന്റെ സമാധാനത്തിനായും അവിടെ നടക്കുന്ന ലഹളകൾ പൂർണമായി നിർത്തപ്പെടുവാനും പ്രാർത്ഥിക്കുക.


**27.** അയൽ സംസ്ഥാനങ്ങളിലേക്ക് കുടിയേറി പാർത്തിരിക്കുന്ന പന്ത്രണ്ടായിരത്തിനും അധികം പേർ സംരക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

**28.** വീടുകളും, ബന്ധുക്കളും നഷ്ടപ്പെട്ട് ഭാരപ്പെടുന്ന ജനങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

**29.** 2024 - ൽ നടക്കുവാൻ ഇരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ദൈവത്തിന്റെ വാഴ്ച വെളിപ്പെടുവാനും, കർത്താവിന് ഹിതമായവർ തെരഞ്ഞെടുക്കപ്പെടുവാനും പ്രാർത്ഥിക്കുക.

**30.** തെരഞ്ഞെടുപ്പിനായി തയ്യാറാകുന്ന രാഷ് ട്രീയ പാർട്ടികൾ യാതൊരുവിധത്തിലുള്ള നിയമവിരുദ്ധ പ്രവർത്തികളിലും ഇടപെടാതിരിക്കാൻ പ്രാർത്ഥിക്കുക.

ദിവസവും ഒരു നിമിഷം അന്നത്തെ തീയതിയിൽ നൽകപ്പെട്ടിരിക്കുന്ന പ്രാർത്ഥനാ വിഷയത്തിനായിട്ട് പൂർണ്ണ മനസ്സോടെ, ശ്രദ്ധയോടെ പ്രാർത്ഥിക്കുക.





# Coffee with ലേഖകൻ!

# ശതാധിപൻ

വിശുദ്ധ വേദപുസ്തകത്തിൽ പേരെടുത്ത് പറയാതെ തങ്ങളുടെ പ്രവൃത്തിയാൽ പ്രശസ്തരായവർ, സ്വഭാവഗുണം കൊണ്ട് പ്രശസ്തരായവർ, ഭർത്താവിന്റെ പേര് കൊണ്ട് പ്രശസ്തരായവർ, ജനിച്ച് വളർന്ന് ഭരിച്ച സ്ഥലത്തിന്റെ പേരാൽ അറിയപ്പെട്ടവർ ഇത്തരത്തിലുള്ള പല വ്യക്തികളുമായിട്ടുള്ള സംഭാഷണങ്ങളുടെ സാങ്കൽപ്പിക സമാഹാരം കഴിഞ്ഞ മാസങ്ങളിൽ കണ്ടു. ഈ മാസത്തിലും തന്റെ പദവിയുടെ പേര് കൊണ്ട് അറിയപ്പെട്ട ശതാധിപൻ, 'അതായത് പുരാതന റോമാ നഗരത്തിൽ നൂറ് പട്ടാളക്കാരുടെ നേതാവായി സേവനമനുഷ്ഠിക്കുന്നവനായി കാണുവാൻ കഴിയും'. വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും മത്തായി 8:5-13 കൂടാതെ ലൂക്കോസ് 7:1-10 വരെയുള്ള ഭാഗങ്ങളിൽ കാണുവാൻ കഴിയുന്ന ശതാധിപനുമായിട്ടുള്ള സംഭാഷണത്തിന്റെ സാങ്കൽപ്പിക സമാഹാരം കാണാം.

**ലേഖകൻ:** ശതാധിപനെ വന്ദനം!

**ശതാധിപൻ:** വന്ദനം!


**ലേഖകൻ:** ഞങ്ങളുടെ യൗവനക്കാർ താങ്കളെപ്പറ്റി അറിയേണ്ടതിന് ചില വാക്കുകൾ പറഞ്ഞാലും.

**ശതാധിപൻ:** ഞാൻ നൂറ് പട്ടാളക്കാരുടെ അധിപതിയായി, റോമാ സർക്കാരിന്റെ ഉത്തരവാദിത്വമുള്ള റോമൻ ഭരണാധികാരിയായി സേവനമനുഷ്ഠിച്ചു. റോമാക്കാരുടെ തുറമുഖ പട്ടണത്തിൽ പാർത്തുവന്നു. ഇവിടെ റോമാക്കാർ, ഗ്രീക്കുകാർ, യഹൂദന്മാർ എന്നിങ്ങനെ വിവിധ വിഭാഗം ആളുകൾ പാർത്തുവന്നു. ഞാൻ യഹൂദാ ജനങ്ങളെ സ്നേഹിച്ചു, അവർക്കായി പ്രാർത്ഥിച്ചു, പേരും പുകഴ്ചയുമായി ജീവിച്ചുവന്നു.

**ലേഖകൻ:** യേശു നിങ്ങളുടെ വീട്ടിനു സമീപം വന്നപ്പോൾ, കർത്താവേ അങ്ങ് വിഷമിക്കേണ്ട, എന്റെ വീടിനകത്ത് വരുവാൻ തക്കവണ്ണം ഞാൻ യോഗ്യനല്ല എന്നിങ്ങനെ എന്തുകൊണ്ടാണ് താങ്കൾ പറഞ്ഞത്? സർവ്വ പ്രപഞ്ചത്തിന്റെയും അധിപനായ ദൈവപുത്രൻ നിങ്ങളുടെ വീട്ടിലേക്ക് വന്നാൽ നിങ്ങൾക്കല്ലേ പ്രശംസ?

**ശതാധിപൻ:** അല്ലല്ല! യേശു മഹാ പരിശുദ്ധനാകുന്നു, അവിടുന്ന് സാധാരണ മനുഷ്യനല്ല, അത്യുന്നതനായവൻ, ദൈവപുത്രൻ, രാജാധിരാജാവ്, കർത്താവിനെ എന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്യാൻ എനിക്ക് യോഗ്യതയില്ല, മാത്രമല്ല, ധാരാളം ജനങ്ങൾ യേശുവിനെ എപ്പോഴും ചുറ്റി നിന്നുകൊണ്ട്, അത്ഭുതത്തിനായി വാഞ്ചിച്ചു നിൽക്കുമ്പോൾ, ഞാൻ കർത്താവിനെ സ്വാധീനിച്ച് ശല്യപ്പെടുത്തേണ്ടതില്ല എന്ന് ചിന്തിച്ച് അങ്ങനെ പറഞ്ഞു.

**ലേഖകൻ:** അധിപതിയെ, ഞാൻ ഒരുവനോട് പോകാ എന്ന് പറഞ്ഞാൽ അവൻ പോകുന്നു, വരിക എന്ന് പറഞ്ഞാൽ അവൻ വരുന്നു. എന്റെ വേലക്കാരനോട് ഇത് ചെയ്യുക എന്ന് പറഞ്ഞാൽ അവൻ അത് ചെയ്യുന്നു എന്നിങ്ങനെ താങ്കളുടെ അധികാരത്തെക്കുറിച്ച് എന്തുകൊണ്ടാണ് പറഞ്ഞത്?



**ശതാധിപൻ:** വെറും 100 പേരുടെ അധിപതിയായ എന്റെ വാക്കുകൾക്ക് ഇത്രയും വിലയുണ്ടെങ്കിൽ, സർവ്വചരാചരങ്ങളെയും തന്റെ വാക്കുകൊണ്ട് സൃഷ്ടിച്ച, സകലത്തെയും വാഴുന്ന രാജാവായ കർത്താവിന്റെ വാക്കുകൾക്ക് എത്ര ശക്തിയുണ്ടാകും എന്ന് ചിന്തിച്ച്, അങ്ങ് ഒരു വാക്ക് മാത്രം പറഞ്ഞാൽ മതി, എന്റെ വേലക്കാരൻ സൗഖ്യമാകും എന്നു പറഞ്ഞു.

**ലേഖകൻ:** ഇങ്ങനെയുള്ള വിശ്വാസം നിങ്ങളിൽ എങ്ങനെയാണ് വന്നത്?

**ശതാധിപൻ:** വിശ്വാസമെന്നത് ആശിക്കുന്നതിന്റെ ഉറപ്പാകുന്നു. യേശുവിനോട് ഞാൻ അപേക്ഷിച്ചതുകൊണ്ട്, ദൂരസ്ഥനും സമീപസ്ഥനുമായ ദൈവം, എന്റെ അപേക്ഷ കേട്ടു. മനുഷ്യൻ മുഖത്തെ നോക്കുന്നു, കർത്താവോ ഹൃദയത്തെ നോക്കുന്നുവല്ലയോ? എനിക്ക് യേശുവിന്റെ മേലുള്ള വിശ്വാസത്തിന്റെ ആഴവും, കുലുങ്ങാത്ത പ്രത്യാശയും കണ്ട് മരണാവസ്ഥയിലായിരുന്ന എന്റെ വേലക്കാരനെ കർത്താവ് സൗഖ്യമാക്കി. മാത്രമല്ല, ഇസ്രായേലിൽ പോലും ഇങ്ങനെ ഒരു വിശ്വാസത്തെ ഞാൻ കണ്ടിട്ടില്ല എന്നിങ്ങനെ തന്റെ പിന്നാലെ വന്നുകൊണ്ടിരുന്ന മഹാപുരുഷാരത്തെ നോക്കി എന്നെക്കുറിച്ച് പറഞ്ഞു കേട്ടപ്പോൾ എന്റെ ഹൃദയം ആനന്ദിച്ചു.

**ലേഖകൻ:** ശതാധിപനേ, ഞങ്ങളുടെ യൗവനക്കാരോട് അങ്ങ് എന്ത് പറയുവാനാണ് ആഗ്രഹിക്കുന്നത്?

**ശതാധിപൻ:** ഒന്നാമത്, യേശുവിനെ വിശ്വസിക്കുക. എന്തെന്നാൽ, യേശുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. രണ്ടാമതായി, യേശുവിന്റെ വചനത്തിന് മുഖ്യത്വം നൽകുക, എന്തെന്നാൽ മനുഷ്യൻ ദൈവത്തിന്റെ വായിൽ നിന്ന് പുറപ്പെടുന്ന ഓരോ വചനം കൊണ്ടും ജീവിക്കുമെന്ന് എഴുതിയിരിക്കുന്നു. അതുകൊണ്ട് വചനം വായിക്കുവാനും, ധ്യാനിക്കുവാനും അധികനേരം ചെലവാക്കുക. മൂന്നാമതായി, നിങ്ങൾ ഓരോരുത്തരും ആലയം പണിയുക എന്ന് പറയുന്നത് അസാധ്യമായ കാര്യം. എന്നാൽ ഓരോ വ്യക്തികളുടെ ഉള്ളവും ദൈവം വസിക്കുന്ന ആലയമത്രേ. ആയതിനാൽ നിങ്ങളുടെ ചുറ്റുമുള്ള സ്നേഹിതന്മാർ, അയൽപക്കക്കാർ, ബന്ധുക്കൾ തുടങ്ങിയ എല്ലാവരും യേശുവിനെ അറിയുവാനും, യേശു വസിക്കുന്ന ഭവനമായി മാറുവാനും അവരവരുടെ ഉള്ളത്തെ വിശുദ്ധിയോടെ കാത്തുസൂക്ഷിക്കുവാനും, സുവിശേഷം അറിയിക്കുക. കർത്താവ് നിങ്ങളുടെ ജീവിതത്തിൽ ചെയ്ത അത്ഭുതങ്ങൾ പറഞ്ഞ് അവർക്കായി പ്രാർത്ഥിപ്പിൻ. ഓരോ വ്യക്തികളും തങ്ങളുടെ ഹൃദയമായ ആലയം പണിയുവാനും വിശുദ്ധിയോടെ കാത്തുസൂക്ഷിക്കുവാനും നിങ്ങൾക്ക് കഴിയുന്നത് ചെയ്യുമ്പോൾ യേശു നിങ്ങളിൽ സന്തോഷിക്കുന്നു. നിങ്ങൾ നിമിത്തം മഹത്വപ്പെടുകയും ചെയ്യുന്നു. അവസാനമായി, അധികാരത്തിൽ നിങ്ങൾക്ക് കീഴിലുള്ളവരെയും, നിങ്ങളുടെ വീട്ടിൽ ജോലി ചെയ്യുന്ന ജോലിക്കാരെയും സ്നേഹിച്ച്, അവരും യേശു എന്ന അത്ഭുത ദൈവത്തിന്റെ മഹത്വം അറിയേണ്ടതിന് ഇടവരുത്തി അവരുടെ നന്മയ്ക്കായും, സുഖകരമായ ജീവിതത്തിനായും യേശുവിനോട് പ്രാർത്ഥിക്കുവാൻ മറന്നുപോകരുത്. നന്ദി.

**ലേഖകൻ:** നന്ദി ശതാധിപനെ!

**സ്നേഹം നിറഞ്ഞ യൗവനക്കാരെ, ഈ ശതാധിപന്റെ ജീവിതത്തിൽ കാണപ്പെട്ട മല പോലെയുള്ള വിശ്വാസം നിങ്ങളിലും ഉണ്ടെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങൾ കാണുവാൻ സാധിക്കും. വീണ്ടും അടുത്തമാസം മറ്റൊരാളുമായിട്ടുള്ള സംഭാഷണം നിങ്ങൾക്ക് സമർപ്പിക്കും. അതുവരെ ദൈവകൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ.**


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# ഗിദെയോൻ

വായിക്കുക: ന്യായാധിപന്മാർ 6-8 അദ്ധ്യായങ്ങൾ



**യോശുവയ്ക്ക് ശേഷം ദൈവം ഒത്നീയേൽ, ഏഹൂദ്, ശംഗർ, ദെബോറാ തുടങ്ങിയ അനേകം ന്യായാധിപന്മാരെ ഉയർത്തി. കഴിഞ്ഞ 4 മാസത്തിനുള്ളിൽ 4 ന്യായാധി പന്മാരെ കുറിച്ച് അറിഞ്ഞുവല്ലോ. ഈ മാസം നാം അഞ്ചാമത്തെ ന്യായാധിപതിയായ ഗിദെയോനെ കാണുവാൻ പോകുന്നു.**

## ആമുഖം

ഗിദെയോൻ എന്നാൽ 'വെട്ടുന്നവൻ' അല്ലെങ്കിൽ 'ആക്രമിക്കുന്നവൻ' എന്നാണ് അർത്ഥം. അവൻ ഒഫ്രയിൽ നിന്നുള്ളവനാണ്. അവന്റെ പിതാവിന്റെ പേര് യോവാശ്. ബാൽ വിഗ്രഹങ്ങൾ വെട്ടിമാറ്റിയപ്പോൾ പിതാവ് അവനെ 'യെരുബ്ബാൽ' എന്ന് പുനർനാമകരണം ചെയ്തു. വിളിക്കപ്പെട്ട നാളുകളിൽ അദ്ദേഹം വളരെ താഴ്മയുള്ളവനായിരുന്നു. ഭയം ഉണ്ടായിരുന്നിട്ടും, അവൻ ദൈവത്തെ അനുസരിക്കുകയും ബാലിന്റെ ബലിപീഠങ്ങളെയും വിഗ്രഹങ്ങളെയും രാത്രി യാമത്തിൽ തകർത്തുകളയുകയും ചെയ്തു. സ്വന്തം കൈകൊണ്ട് ഇസ്രായേലിനെ രക്ഷിക്കാൻ കർത്താവിനോട് ഒരു അടയാളം അപേക്ഷിച്ച്, തന്നെത്തന്നെ സമർപ്പിച്ചു.





### ഗുണങ്ങൾ

- അവൻ പ്രശനങ്ങളുടെ സൃഷ്ടാവായ എഫ്രയീമിനെ ദയയുള്ള വാക്കുകളാൽ കീഴടക്കി.
- പരിഹസിക്കുന്ന അപരിചിതനെ അവൻ മുള്ളുകൊണ്ട് ഒരു പാഠം പഠിപ്പിച്ചു.
- വിജയിച്ചിട്ടും സിംഹാസനം സ്വീകരിക്കാൻ വിസമ്മതിച്ചു.
- തന്നെ നയിച്ചവർ മാറിയപ്പോഴും ഗിദെയോൻ തന്റെ വഴിക്ക് മാറിയില്ല.

### അധിനിവേശവും കീഴടക്കലും

- ഗിദെയോനും അവനോടുകൂടെ 100 ആളുകളും പാളയത്തിന്റെ മുമ്പിൽ വന്ന് കാഹളം ഊതി, അവരുടെ കൈയിലുണ്ടായിരുന്ന കുടങ്ങൾ ഉടച്ചു. അതുപോലെ മറ്റുള്ളവരും കാഹളം ഊതി, കുടങ്ങൾ ഉടച്ച് ഉച്ചത്തിൽ ആർപ്പിട്ടു. അപ്പോൾ കർത്താവ് പാളയത്തിലൊക്കെയും ഓരോരുത്തന്റെ വാൾ താന്താന്റെ കൂട്ടുകാരന്റെ നേരെ തിരിപ്പിച്ചു.
- കൈയിൽ വാളുകളില്ലാതെ പന്തങ്ങളും, കുടങ്ങളും, കാഹളങ്ങളും വഹിക്കുന്ന 300 പേരുമായി അവൻ മഹാസൈന്യത്തെ പരാജയപ്പെടുത്തി.
- ഭീരുവായ ഗിദെയോനോട് കർത്താവ് സംസാരിച്ചപ്പോൾ, അവൻ വചനം അനുസരിച്ചതിനാൽ ഒരു ലക്ഷത്തി മുപ്പത്തിഅയ്യായിരം പേരെ പരാജയപ്പെടുത്താൻ ദൈവം അവന് ശക്തി നൽകി.

### ബലഹീനതകൾ, പരാജയങ്ങൾ



- അവൻ ദൈവത്തിന്റെ ആലോചന കൂടാതെ പ്രവർത്തിച്ചു, കൊള്ളയെ ഏഫോദാക്കി മാറ്റി. ഇസ്രായേല്യർക്ക് ആരാധന നടത്താനുള്ള മാർഗമായി അവൻ സ്വർണം കൊണ്ട് ഒരു ഏഫോദ് ഉണ്ടാക്കി.
- ഈ കാര്യം ഗിദെയോനും അവന്റെ വീട്ടുകാർക്കും ഒരു കെണിയായി.